കെ.എസ്.എ.കെ.ടി.എം പി8/72/17 തീയതി: 25.1.17

# കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.റംലാ ബീവി പി.എ., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.01.2017 - 18.01.2017 |
| ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി ബി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സ്മിത ജി. നായർ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുമേഷ് പി വി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.യോഗേഷ് ആർ, ഓഡിറ്റർ<br>ശ്രീമതി.അമ്പിളി യു, ഓഡിറ്റർ<br>ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീമതി.ശ്രീലത ബാലചന്ദ്രൻ | 01.04.2015-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് | 01.11.2015- |

| | | |
|---|---|---|
| | കമ്മിറ്റി<br>ശ്രീ.അനിൽ ബിശ്വാസ് | 17.11.2016<br>18.11.2015-31.03.2016 |
| സെക്രട്ടറി | ശ്രീ.ബിജു എസ് | 01.04.2015-31.03.2016 |

നിർവഹണോദ്യോഗസ്ഥര്

| | | |
|---|---|---|
| മുനിസിപ്പൽ എൻജിനീയർ | ബിന കെ<br>ദിലീപ് എസ് ചീരംതോട് | 1.4.2015- 17.08.2015<br>17.08.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ നിഷ മോഹൻ | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | കെ സി രാധാമണി | 01.04.2015-31.03.2016 |
| ക്ഷീരവികസന ഓഫീസർ | കെ ശിവദാസൻ | 01.04.2015-31.03.2016 |
| പട്ടികജാതി വികസന ഓഫീസർ | ജയശ്രീ ആർ | 01.04.2015-31.03.2016 |
| ഐ സി ഡി എസ് സൂപ്പർവൈസർ | റ്റി ബി നിർമ്മല<br>ശ്രീമോൾ എസ് | 01.04.2015-06.01.2016<br>07.01.2016-31.03.2016 |
| കൃഷി ഓഫീസർ | റ്റി എസ് സലിമോൻ | 01.04.2015-31.03.2016 |
| ഹെഡ്മാസ്റ്റർ | ജയചന്ദ് | 01.04.2015-31.03.2016 |
| ഫിഷറീസ് ഇൻസ്പെക്ടർ | ബിന്ദു കെ ഒ | 01.04.2015-31.03.2016 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ സാനമ്മ ജോൺ<br>ഡോ പി കെ സന്തോഷ് | 01.04.2015-01.09.2015<br>02.09.2015-31.03.2016 |

| | | |
|---|---|---|
| | കുമാർ | |
| മെഡിക്കൽ ഓഫീസർ | ഡോ ബിജു ബി എൻ | 01.04.2015-31.03.2016 |
| വ്യവസായ വികസന ഓഫീസർ | കുശല സിബിമോൾ | 01.04.2015-10.11.2015<br>11.11.2015-31.03.2016 |

ഉള്ളടക്കം



| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തുനികുതി പരിഷ്കരണനടപടികളിൽ പുരോഗതിയില്ല- പരിഷ്കരണം ഇപ്പോഴും പ്രാരംഭഘട്ടത്തിൽ |
| 2-2-2 | സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വസ്തുനികുതി പൂർണമായും നിർണയിച്ച് ഈടാക്കിയിട്ടില്ല |
| 2-2-3 | വിമുക്തഭടന്മാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ഇളവ്- നിബന്ധനകൾ പാലിച്ചുകൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല |
| 2-3-1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല |
| 2-3-2 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല |

| | |
|---|---|
| 2-3-3 | അഭിഭാഷകർ, ആധാരം എഴുത്തുകാർ, കരാറുകാർ, ടാക്സി വാഹനഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല |
| 2-3-4 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4-1 | വാർഷികവർധന നടത്താതെ മുറികൾ വാടകയ്ക്ക് നൽകി |
| 2-4-2 | വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 2-4-3 | മുൻവർഷത്തേക്കാൾ കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകി |
| 2-4-4 | വാടക പി.ഡബ്ല്യു.ഡി. നിരക്കിൽ ഈടാക്കാത്തത് സംബന്ധിച്ച് |
| 2-4-5 | നഗരസഭയുടെ ഷോപ്പിങ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയില്ല- നഗരസഭയ്ക്ക് നഷ്ടം |
| 2-4-6 | വാടക കുറഞ്ഞ നിരക്കിൽ ഡിമാന്റ് ചെയ്തത് |
| 2-5 | ഡി&ഒ ട്രേഡ് ലൈസൻസ് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 2-6 | വിനോദനികുതി ഈടാക്കിയില്ല |
| 2-7 | ലേലത്തുക ഈടാക്കിയില്ല |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | സർവീസ് ടാക്സ് റിട്ടേൺ യഥാസമയം അടവാക്കാത്തതിനാൽ നഗരസഭ പിഴ അടവാക്കി |
| 3-2 | അഷ്ടമി അലവൻസ്- സർക്കാർ ഉത്തരവ് പാലിച്ചില്ല- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| 3-3 | ഇ.പി.എഫ്. തുക യഥാസമയം അടവാക്കാത്തതിനാൽ നഗരസഭ ഇ.പി.എഫ്. ഡാമേജ് അടവാക്കി |
| 3-4 | നഗരസഭ ഓഫീസ് കംപ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും- അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-5 | കന്നുകുട്ടിപരിപാലനം- കാലിത്തീറ്റ വിതരണം തടസ്സപ്പെട്ടു |
| 3-6 | അനധികൃതമായി ഡി.ഡി. കൈവശം വച്ചു |
| 3-7 | ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല |
| 3-8 | റോഡ് ടാറിങ് പ്രവൃത്തി- ടെൻഡർ വ്യതിയാനവും ബാരൽ വിലയും കുറവ് ചെയ്തിട്ടില്ല- 79853 രൂപ കരാറുകാരന് അധികം നൽകി |

| | |
|---|---|
| 3-9 | റോഡ് ടാറിങ് പ്രവൃത്തികൾ- ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല- 19170 രൂപ കരാറുകാർക്ക് നൽകി |
| 3-10 | മരാമത്തുവേലകൾ- നികുതി റിക്കവറികൾ കണക്കാക്കുന്നതിൽ പ്രവൃത്തികളുടെ യഥാർത്ഥമൂല്യം അടിസ്ഥാനമാക്കിയില്ല |
| 3-11 | അങ്കണവാടി കെട്ടിടനിർമാണത്തിനുവേണ്ടി വിട്ടുകിട്ടിയ സ്ഥലം രണ്ടുവർഷം കഴിഞ്ഞിട്ടും നഗരസഭയുടെ ആസ്തിയാക്കിയിട്ടില്ല |
| 3-12 | മുനിസിപ്പൽ എൻജിനിയർ നിർവഹണം നടത്തിയ പദ്ധതികളിൽ ഭൗതികപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 3-13 | കെൽട്രോണിൽ നിന്ന് എൽ.ഇ.ഡി. സെറ്റ് വാങ്ങൽ- പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ |
| 3-14 | കലുങ്ക് നിർമാണം- സ്റ്റാക്ക് ചെയ്തിരുന്ന ഉപയോഗപ്രദമായ ഇരുമ്പ് കമ്പികളുടെ പുനരുപയോഗം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 3-15 | തുക അടവാക്കിയതിന്റെ രേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-16 | ആയുർവേദ ആശുപത്രിക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-17 | അംഗൻവാടികൾക്ക് കുക്കർ വാങ്ങൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-18 | നഗരസഭ അറിയാതെ നഗരസഭയുടെ ഭൂമിയിൽ അനധികൃത നിർമാണം. |
| 3-19 | ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ മാർഗനിർദേശങ്ങളുടെ ലംഘനം |
| 3-20 | താലൂക്ക് ആശുപത്രിക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ- വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. |
| 3-21 | പാലിയേറ്റീവ് കെയർ- പദ്ധതി നിർവഹിക്കാത്ത ദിനങ്ങളിലെ വാഹനക്കൂലി അനുവദനീയമല്ല |
| 3-22 | മികവുറ്റ പദ്ധതി പ്രവർത്തനം- കാൻസർ നിയന്ത്രണപരിപാടി |
| 3-23 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-24 | വായ്പ രേഖകൾ കൃത്യമല്ല |
| 3-25 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി |
| 3-26 | പരസ്യനികുതി |

| | |
|---|---|
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 04-03-2015 തിയതിയിലെ I -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 8339486 | 42139917.27 |
| വരവ് | 112788998 | 71663528 |
| ആകെ | 121128484 | 113803446 |
| ചെലവ് | 119609353 | 9907999 |
| നിക്കിയിരിപ്പ് | 1519131 | 14724427.27 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 31.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 08.01.2017 | സർട്ടിഫിക്കറ്റ് ഈ ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42139917.27 |
| വരവ് | 71663528 |
| ആകെ | 113803446 |
| ചെലവ് | 9907999 |
| നീക്കിയിരിപ്പ് | 14724427.27 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6959336 | 0+14588898 ട്രാൻസ്ഫർ ക്രെഡിറ്റ്) | 21548234 | 18169920 | 3378314(*) | 0 |
| എസ്.സി.പി | 2651431 | 3256583 | 5908014 | 3847315 | 2060699 | 0 |
| റ്റി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 7208826 | 8208388 | 15417214 | 15417214 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1388400 | 1644259 | 3032659 | 3032659 | 0 | 0 |
| 13-ാം ധനകാര്യകമ്മിഷൻ | 8320466 | 14149157 | 22469623 | 10566403 | 11903220 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1393361 | 576221 | 1969582 | 1344603 | 624979 | 0 |

(*) 31.03.2016 ൽ വി പി എഫ് II (എ) ൽ നീക്കിയിരിപ്പുണ്ടായിരുന്ന 3378314 രൂപ സർക്കാരിലേക്ക് തിരികെ പിടിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 85915519 | 163 | 52378114 | ---- | 76 | 68 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 24.06.2016 5പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 12.03.15 തീയതിയിലും പദ്ധതി ആസൂത്രണവാർഡ്സഭകൾ ജൂൺ 10 മുതൽ 21 വരെയുള്ള തീയതികളിലും വികസനസെമിനാർ 12.3.15തീയതിയിലും കൂടിയിട്ടുണ്ട്. 16.11.13 ലെ സർക്കാർ ഉത്തരവ് (എം. എസ്) 362/13/തസ്വഭവ പ്രകാരം നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് തൻവർഷം പദ്ധതി രൂപീകരിച്ചത് . വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചെങ്കിലും അവ പൂർണ്ണമായി പദ്ധതി യിൽ ഇടം പിടിച്ചിട്ടില്ല. ഉദാഹരണത്തിന് വനിതകൾക്ക് സ്വയംതൊഴിലിനായി ആഭരണനിർമ്മാണം, മെഴുക് തിരി നിർമ്മാണം,ചന്ദനത്തിരി നിർമ്മാണം, കുടനിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക എന്ന സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റേയും മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകുക എന്ന മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പിന്റേയും നിർദ്ദേശങ്ങൾ പദ്ധതി യിൽ ഇടം പിടിച്ചിട്ടില്ല.

വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും

നേട്ടങ്ങൾ

- ഉല്പാദന മേഖലയിൽ മുട്ടക്കോഴി വളർത്തൽ, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, ആടുവളർത്തൽ, ഗോദാൻ ഡയറി യൂണിറ്റ് ജലസേചനക്കിണർ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികൾ നടപ്പാക്കി.
- അങ്കണവാടി കളിൽ പോഷകാഹാരത്തിന് 1300000 രൂപയും മാനസിക ശാരീരിക വൈകല്യം ഉള്ള കുട്ടികൾക്ക് സ്കോളർഷിപ്പിന് 298800 രൂപയും ചെലവഴിച്ചു
- സമഗ്രആരോഗ്യപരിപാലനത്തിനും,ക്യാൻസർ നിയന്ത്രണ പരിപാടി ക്കും ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങാനും തുക ചെലവഴിച്ചു
- വീട് നിർമ്മാണം,പുനരുദ്ധാരണം, വീട് വയറിംഗ് എന്നിവയ്ക്ക് ധനസഹായം നൽകി.
- വിവിധ റോഡുകളുടെ ടാറിംഗ്,റീടാറിംഗ്,കോൺക്രീറ്റിംഗ്, ഡ്രെയിനേജ്, ഫുട്ട്പാത്ത് നിർമ്മാണം , വിവിധ സ്കൂളുകളുടെയും അങ്കണവാടികളുടെയും മെയിന്റനൻസ് എന്നിവ യ്ക്ക് തുക ചെലവഴിച്ചു
- പട്ടികജാതി വിഭാഗക്കാർക്ക് ഭവനപുനരുദ്ധരണം, വാട്ടർ കണക്ഷൻ ,വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം, പ്രീമെട്രിക്ക് ഹോസ്റ്റൽ മെയിന്റനൻസ് എന്നീ പ്രോജക്ടുകൾ നടപ്പാക്കി

കോട്ടങ്ങൾ

- ആകെ ആവിഷക്കരിച്ച 239പ്രോജക്ടുകളിൽ163എണ്ണം മാത്രം നടപ്പാക്കി. സ്പിൽ ഓവറായി ഉൾപ്പെടുത്തിയ 19 പ്രോജക്ടുകൾ നടപ്പാക്കിയില്ല.
- എസ് സി ഭവനനിർമ്മാണം, വാട്ടർ കണക്ഷൻ എന്നീ പ്രോജക്ടുകൾക്കായി എടുത്ത 11ഡിഡികളലായി 95000 രൂപ നാളിതുവരെ വിതരണം ചെയ്തില്ല
- ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ സേവനം തൻവർഷം പ്രയോജനപ്പെടുത്താത്തിനാൽ മൽസ്യമേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല
- വാർഡ് 9 ലെ എസ്. സി സാംസ്കാരികനിലയം നിർമ്മാണ ത്തിനായി 1650100 രൂപ വകയിരുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല
- നടപ്പാക്കിയ മരാമത്ത് പ്രവർത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വിവിധ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ നിർവ്വഹിക്കാനായി ഡെപ്പോസിറ്റ് നല്കി യ തുകകൾ വിനിയോഗിച്ച

എന്നുറപ്പാക്കാൻ സാധിച്ചില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 12161901 | 12159451 | (-)2450 | (-).020 |
| നികുതിയേതര വരവുകൾ | 8798703 | 8328291 | (-)470412 | (-)5.3 |
| മറ്റുവരവുകൾ | 199217 | 88396 | (-)110821 | (-)55.6 |
| ആകെ | 21159821 | 20576138 | (-)583683 | (-)2.75 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 445560 | 290 |
| കർഷകതൊഴിലാളി പെൻഷൻ | 3333690 | 452 |
| വിധവാപെൻഷൻ | 4723400 | 125 |
| വാർദ്ധക്യകാലപെൻഷൻ | 8125830 | 849 |
| വികലാംഗപെൻഷൻ | 1936005 | 275 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരുടെ പെൻഷൻ | 541360 | 73 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം | 30,000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11850 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയിൽ ജോലിവിഭജനരേഖ കൃത്യമായി എഴുതി മേലധികാരികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് കാലയളവിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമല്ല.ജീവനക്കാർ

കൂട്ടുത്തരവാദിത്തത്തോടെ പ്രവർത്തിക്കാത്തതിനാൽ നഗരസഭയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നില്ല. വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കുന്നില്ല.

നിലവിൽ അസന്തുലിതമായ ജോലി വിഭജനമാണ് വൈക്കം നഗര സഭയിൽ ഉള്ളത്. ഫയലുകളുടെ നീക്കം സൂപ്പർവൈസറി ലെവലിൽ കൃത്യമായി മോണിറ്റർ ചെയ്യാത്തതു മൂലം ഫയലുകൾ നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതെല്ലാം ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു

രജിസ്റ്ററുകളുടെ പരിപാലനം

രജിസ്റ്ററുകളുടെ പരിപാലനം ശരിയായ രീതിയൽ അല്ല. പ്രധാന നികുതി ഇനങ്ങളായ വസ്തുനികുതി, ഡി ആന്റ് ഒ ലൈസൻസ് തുടങ്ങിയവയുടെ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി,ലേലം, വാടക എന്നീ വരവിനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ ചിട്ടയായി എഴുതി സൂക്ഷിക്കാത്തത് മൂലം നികുതി ഒടുക്കേണ്ട സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അർദ്ധവാർഷിക റിട്ടേണുകളിൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉൾപ്പെടുത്താത്തവരെ ഉൾപ്പെടുത്തുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും ഒരു ശ്രമവും ഉണ്ടാകുന്നില്ല. നഗര സഭയുടെ സമീപത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കുന്നില്ല. ലേലം, വാടക എന്നിവ സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്ത് കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പൂർണ്ണമല്ല. ഒരു രജിസ്റ്ററിലും സ്ഥാപനത്തലവൻ, ഉപരിപരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2010-11 | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.16- 05.08.16 | 2012-13 – 2015-16 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ക്ലാസിഫിക്കേഷൻ ശരിയായി പാലിക്കാതിരുന്നതിനാൽ അക്കൗണ്ട് ഹെഡ് മാറിയാണ് പല ഇടപാടുകളും രേഖപ്പെടുത്തിയിരുന്നത് :

(i) വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതിയിലെ വരവ്, Development Fund- Special Component Plan-320200102, Contractors Control Account- 350100300 എന്നീ രണ്ട് ഹെഡുകളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു

(ii) വികസന ഫണ്ട്- ഫിനാൻസ് കമ്മീഷൻ അവാർഡ് വരവ്, Development Fund- Central Finance Commission Grant- 320200104, Contractors Control Account- Specific Grants-350100302 എന്നീ രണ്ട് ഹെഡുകളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു

(iii) ഓഡിറ്റ് റിക്കവറിയിനത്തൽ ലഭിച്ച തുക- 8534 രൂപ മെയിന്റനൻസ് ഗ്രാന്റ് - റോഡ് വരവായി അക്കൗണ്ട് ചെയ്തു.

3. പ്രധാന നികുതി ഇനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക, ലേലം, പരസ്യ നികുതി എന്നിവയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് തയ്യാറാക്കിയിട്ടില്ല. വസ്തു നികുതിയുടെ ഡിമാന്റ് /കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ഇതുമൂലം വാർഷിക കണക്കുകളിൽ B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
4. അക്രൂ ചെയ്യപ്പെടുന്ന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി(ട്രേഡേഴ്സ്), വിനോദ നികുതി എന്നിവയുടെ '1'ൽ തുടങ്ങുന്ന ഇൻകം ഹെഡുകൾ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ വന്നിരിക്കുന്നു(RP-1 ഷെഡ്യൂൾ)

5. ബാലൻസ് ഷീറ്റിൽ സെക്യേർഡ് ലോൺസ്/ പ്രീപെയ്ഡ് എക്സ്പെൻസസ് ഇനങ്ങളിൽ ഇ.എം.എസ്. ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. B-5 ഷെഡ്യൂളിലെ തുക ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക B-16 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. B-5 ഷെഡ്യൂളിൽ ബാധ്യതായി കാണിച്ചിരിക്കുന്ന കെ.യു.ആർ.ഡി.എഫ്.സി ലോൺ തുകയുടെ കൃത്യത വ്യക്തമല്ല.

7. ദുരിതാശ്വാസനിധിയുടെ കണക്കുകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. വിവിധ ക്ഷേമപെൻഷനുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. 31.03.2016– ലെ നീക്കിയിരിപ്പ് (ബാലസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ) ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ നീക്കീയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. (Muncipal Fund- . a/c. 1-665, Urban Co- operative Bank -5776, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ട് നം. 553702010005561- യൂണിയൻ ബാങ്ക്, KTM DIST CO-OP BANK- EMS LOAN)

10. ക്ലോസിംഗ് സ്റ്റോക്കിന്റെ കണക്ക് കൃത്യമല്ല.

11. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല. ഡെപ്പോസിറ്റ് , അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ B-7,B-9 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത വ്യക്തമാകുന്നില്ല.

12. പാർട്ട് ബിൽ (വർക്ക് ബിൽ) തുകകൾ ക്യാപിറ്റൽ ഇൻ പ്രോഗ്രസ് ആയി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

13. നികുതി/ നികുതിയേതരവരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല(വസ്തു നികുതി, തൊഴിൽ നികുതി, വാടക, ലേലം, പരസ്യ നികുതി).

14. ഇ.എഫ്.എംഎസ് മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുള്ള തൊഴിലുറപ്പ് പദ്ധതി വേതന ഘടകം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. B-6 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

16. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല(വിശദാംശം ഖണ്ഡിക 4-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

17. DBT വഴി മാറുന്ന ക്ഷേമപെൻഷൻ തുക, EFMS വഴിയുള്ള അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുക അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. നേരിട്ട് വിതരണം ചെയ്യുന്ന ക്ഷേമപെൻഷൻ തുകകളുടെ വരവ് RP-6 ഷെഡ്യൂളിലും ചെലവ് RP- 19 ഷെഡ്യൂളിലും ഉൾപ്പെടുത്തിയിട്ടില്ല.
19. റസീപ്റ്റ് & പേയ്മെന്റ് ആർ.പി.7, ഇൻകം & എക്സ്പെൻഡിച്ചർ I-7 ഷെഡ്യൂളിൽ 170200100-ഡിവിഡന്റ് എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

## 2-2-1 വസ്തുനികുതി പരിഷ്കരണ നടപടികളിൽ പുരോഗതിയില്ല-പരിഷ്കരണം ഇപ്പോഴും പ്രരംഭ ഘട്ടത്തിൽ

14.01.2011 ലെ സർക്കാർ ഉത്തരവ് (അ) നം. 18/2011 ത.സ്വ. ഭ. വ. പ്രകാരം നഗരസഭകളിൽ കെട്ടിടങ്ങളുടെ അടിത്തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിച്ചു കൊണ്ട് 2011ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ചുകൊണ്ട് 18.02.2012ലെ R13542 നമ്പരായി നഗരസഭ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വൈക്കം നഗരസഭയിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണ്. വിവരശേഖരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിലുള്ള ആകെ കെട്ടിടങ്ങൾ എത്രയെന്നോ അതിൽ എത്രയെണ്ണത്തിന്റെ പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചുവെന്നോ കൃത്യമായ കണക്കുകൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല.വസ്തുനികുതി പരിഷ്കരണത്തിനും നികുതി നിർണ്ണയത്തിനും വേണ്ടിയുള്ള സഞ്ചയ സോഫ്റ്റ് വെയറിൽ വളരെ കുറച്ച് കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സപ്ലിമെന്ററിയായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല.മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ളവയുടെ നികുതി ഇപ്രകാരം പരിഷ്കരിച്ച് ഈടാക്കാത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ലഭ്യമാകേണ്ട തനത് വരുമാനം ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യമാണുള്ളത്.ആയതിനാൽ മുനിസിപ്പാലിറ്റിയിലെ കെട്ടിടങ്ങളുടെ വിവര ശേഖരണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണം നടത്തി ഡിമാന്റ് ചെയ്ത് പുതുക്കിയ നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2-2 സ്വകാര്യഅൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.4.12ലെ 49590/RC2/2011നമ്പർ സർക്കുലർ പ്രകാരം അംഗീകൃത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവിന് അർഹത ഉണ്ടായിരിക്കുകയില്ല എന്നും 14.1.11 മുതൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള മുനിസിപ്പൽ ആക്ട് ഭേദഗതിനിയമം 235 ബിഎ വകുപ്പനുസരിച്ച് ഹയർസെക്കണ്ടറി തലം വരെയുള്ള സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയ്ക്ക് മാത്രമേ നികുതിയിളവ് അനുവദിക്കപ്പെട്ടിട്ടുള്ളൂ. എന്നാൽ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ സ്വകാര്യ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഫാദർ തോമസ് പാറേക്കാട്ടിലിന്റെ ഉടമസ്ഥതയിലുള്ള വെൽഫെയർ കോളേജ്, ശ്രീ.മഹാദേവ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ അധീനതയിലുള്ള അൺ എയ്ഡഡ് കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6)മറുപടിയായി രണ്ട് സ്ഥാപനങ്ങളുടേയും ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് 2016-17 വർഷം വരെ ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങളുടെ മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയം അടിയന്തിരമായി പൂർത്തിയാക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2-3 വിമുക്തഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ഇളവ് - നിബന്ധനകൾ പാലിച്ചുകൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല.

02.07.13 ലെ ജി.ഒ(എം.എസ്)242/2013- തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരുടെ പേരിലുള്ള വാസഗൃഹങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ വിമുക്ത ഭടൻ/അവരുടെ വിധവകൾ തുടങ്ങിയവരുടെ പേരിലുള്ളതും രണ്ടായിരം ചതുരശ്ര അടിയ്ക്കുള്ളിൽ (185.8 ച.മീ.) തറ വിസ്തീർണ്ണമുള്ളതും സ്വന്തം താമസാവശ്യത്തിനുള്ളതുമായ ഒരു കെട്ടിടത്തിന് മാത്രമേ ഇളവ് അനുവദിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷത്തിലും ഏപ്രിൽ 10 നകം കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ലെന്ന് സാക്ഷ്യപത്രവും നൽകണം. എന്നാൽ 15-16 വർഷം ഈ ഇനത്തിൽ ലഭ്യമായ അപേക്ഷകളിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചുകൊകൊണ്ട് നാളിതുവരെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. രജിസ്റ്ററിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ എത്ര പേർക്ക് ഈ ഇനത്തിൽ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമല്ല.നിലവിൽ അപേക്ഷ നൽകിയവരെല്ലാം

വസ്തുനികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവായ സാഹചര്യമാണുള്ളത്.ആയതിനാൽ 15-16 വർഷത്തേക്ക് ലഭ്യമായ മുഴുവൻ അപേക്ഷകളിലും പരിശോധന നടത്തി അർഹതയുള്ളവർക്കുമാത്രം നികുതി ഇളവ് നൽകേണ്ടതും ഭാവിയിൽ വിമുക്തഭടന്മാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് കർശനമായി പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

വൈക്കം നഗര സഭയുടെ 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗര സഭ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈ സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| ക്രമ നംപർ | സ്ഥാപനത്തിന്റെ പേര് | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എച്ച്.ഡി.എഫ്.സി. സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ്,വൈക്കം | 1&2 |
| 2 | കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ്, വൈക്കം | 1&2 |
| 3 | പോസ്റ്റ് ഓഫീസ്, വൈക്കം | 1&2 |
| 4 | ഖാദി ഷോറൂം, വൈക്കം | 1&2 |
| 5 | ആലപ്പി സർവ്വോദയ സംഘം,വൈക്കം | 1&2 |
| 6 | സിവിൽ സപ്ളൈസ് കോർപ്പറേഷൻ, വൈക്കം | 1&2 |
| 7 | അർബൻ വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി, വൈക്കം | 1&2 |
| 8 | അക്വാരിയസ് ഹോട്ടൽ, വൈക്കം | 1&2 |
| 9 | നീതി മെഡിക്കൽ സ്റ്റോർ,വൈക്കം | 1&2 |
| 10 | വിജയ ജുവലറി, വൈക്കം | 1&2 |
| 11 | പഴേമഠം ജുവലറി, വൈക്കം | 1&2 |
| 12 | പഴേമഠം ഫിനാൻസിയേഴ്സ്, വൈക്കം | 1&2 |
| 13 | ഇൻഡസ് ഇൻഡ് ബാങ്കിംഗ്& ഫിനാൻസിംഗ്, വൈക്കം | 1&2 |
| 14 | പോപ്പുലർ ഫിനാൻസിംഗ്, വൈക്കം | 1&2 |
| 15 | കരുവേലിമറ്റം ചിട്ടി,വൈക്കം | 1&2 |
| 16 | ആർ.ബി.എൻ സൊല്യൂഷൻ,വൈക്കം | 1&2 |
| 17 | വൈറ്റ് ഗേറ്റ് റസിഡൻസി,വൈക്കം | 1&2 |
| 18 | ഭാരത് ഗ്യാസ് ഏജൻസീസ്, വൈക്കം | 1&2 |
| 19 | കൽപ്പക സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 20 | ഹലോ ഡിയർ സൂപ്പർമാർക്കറ്റ്, വൈക്കം | 1&2 |
| 21 | മാവേലി മെഡിക്കൽസ്, വൈക്കം | 1&2 |
| 22 | ഫയർ ആൻഡ് റെസ്ക്യൂ, വൈക്കം | 1&2 |
| 23 | ശർദ്ധ ദന്തൽ ക്ളിനിക്ക്,വൈക്കം | 1&2 |
| 24 | വർമ്മാസ് പബ്ളിക്ക് സ്കൂൾ,വൈക്കം | 1&2 |

| | | |
|---|---|---|
| 25 | കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ,വൈക്കം | 1&2 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 27 തിയതി 13/01/2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. താരതമ്യേന തനത് വരുമാനം കുറവായിട്ടുള്ള വൈക്കം നഗരസഭയുടെ ഒരു പ്രധാന വരുമാന സ്രോതസായ തൊഴിൽ നികുതി കുടിശിക സഹിതം കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഉചിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 2-3-2 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

വൈക്കം നഗര സഭ പരിധിയിൽ നടത്തിയ ഭൗതീക പരിശോധനയിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗര സഭ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി നാളിതു വരെ ഡിമാന്റ് ചെയ്തിട്ടില്ല എന്ന വ്യക്തമാകുന്നു.

| കർമ നംപർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എസ്.എച്ച് ലക്കി സെന്റർ, പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം,വൈക്കം |
| 2 | അനമായ ഓർഗാനിക്ക്, പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം,വൈക്കം |
| 3 | ട്ടൂ ലൈൻ ബിൽഡേഴ്സ്,പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം,വൈക്കം |
| 4 | മിട്ടുക്കി എന്റർപ്രൈസസ്,കൊച്ചു കവല, വൈക്കം |
| 5 | കാർഷിക ഗ്രാമ വികസന സംഘം, കൊച്ചു കവല, വൈക്കം |
| 6 | നേതാജി ട്രെയിനിംഗ് കോളേജ്,കൊച്ചു കവല, വൈക്കം |
| 7 | ഫീനിക്സ് അക്കാദമി,കൊച്ചു കവല, വൈക്കം |
| 8 | റിലയൻസ് ജനറൽ ഇൻഷ്വറൻസ്, കൊച്ചു കവല, വൈക്കം |
| 9 | അൽഫോൻസ ടെക്സ്റ്റോ വേൾഡ്, കൊച്ചു കവല, വൈക്കം |
| 10 | ശിൽപ ബേക്കറി,കൊച്ചു കവല, വൈക്കം |
| 11 | റോസ് ബേക്കറി,കൊച്ചു കവല, വൈക്കം |
| 12 | റോയൽ ഏജൻസീസ്, വലിയ കവല, വൈക്കം |
| 13 | ഈരോസ് ഹോണ്ട ഷോറൂം, വലിയ കവല, വൈക്കം |
| 14 | ഈരോസ് ഹോണ്ട സർവ്വീസ് സെന്റർ, വലിയ കവല, വൈക്കം |
| 15 | അൾട്രാ ടെക് സിമൻറ് വലിയ കവല, വൈക്കം |
| 16 | കള്ളിയത്ത് ടി.എം.ടി ,വലിയ കവല, വൈക്കം |
| 17 | കൊച്ചിൻ ഹാർഡ്വെയർ, വലിയ കവല, വൈക്കം |
| 18 | ഹീറോ മോട്ടോഴ്സ്, വലിയ കവല, വൈക്കം |
| 19 | മിനി മുത്തൂറ്റ് എക്സ്പ്രസ് മണി, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 20 | ബ്രില്യന്സ് കോളേജ്, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 21 | ദീപിക സബ് ഓഫീസ്, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 22 | മംഗളം സബ് ഓഫീസ്, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 23 | വൈക്കത്തപ്പൻ ഡിജിറ്റൽ സ്റ്റുഡിയോ, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 24 | ജോസ് ബേക്കറി, മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 25 | കുഞ്ചാരത്ത് മെഡിക്കൽസ്,മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |

| | |
|---|---|
| 26 | പേൾ മെഡിക്കൽ,മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 27 | ജോൺ മെഡിക്കൽസ്,മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 28 | കേരള ഹോട്ടൽ,മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 29 | ചോലങ്കേരിയിൽ ഫർണ്ണീച്ചർ,മുനിസിപ്പാലിറ്റിക്ക് സമീപം, വൈക്കം |
| 30 | ചെത്തിയിൽ ഒപ്റ്റിക്കൽസ്,തെക്കേ നട, വൈക്കം |
| 31 | മരിയ ഫർണ്ണീച്ചർ ,വെസ്റ്റ് ഗേറ്റ്, വൈക്കം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 27 തിയതി 13/01/2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങൾ ഉൾപ്പെടെ നഗര സഭ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-3 അഭിഭാഷകർ, ആധാരം എഴുത്തുകാർ, കരാറുകാർ,ടാക്സി വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, ചട്ടം 3 (9-ൽ) ഉൾപ്പെടുന്ന ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), ചട്ടം 3 (10)-ൽ ഉൾപ്പെടുന്ന കരാറുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ രണ്ട് കോടതികളും ഒരു സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും നഗരസഭ നികുതി ചുമത്തിയിട്ടില്ല. അഭിഭാഷകരെ സംബന്ധിച്ച വിവരങ്ങൾ ബാർ അസോസിയേഷനിൽനിന്നും ലൈസൻസുള്ള ആധാരം എഴുത്തുകാരെ സംബന്ധിച്ച വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രജിസ്റ്റേർഡ് കരാറുകാരുടെ വിവരങ്ങൾ മുനിസിപ്പാലിറ്റി രേഖകളിൽ നിന്നും ലഭ്യമാക്കി മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും കരാറുകാർക്കും നികുതി ചുമത്തേണ്ടതാണ്. ടാക്സി കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ് ഇവ രണ്ടോ അതിൽ കൂടുതലോ ഉള്ളവർ, യാത്രക്കാരെ കയറ്റുന്നതിനോ, ചരക്കിറക്കുന്നതിനോ ഉള്ള ഓട്ടോറിക്ഷ മൂന്നെണ്ണമോ കൂടുതലോ ഉള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ വൈക്കം നഗരസഭയിൽ ഈ വിഭാഗത്തിൽപ്പെട്ട ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നിയമപരമായി പിരിച്ചെടുക്കാമായിരുന്ന നികുതികൾ പോലും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ ജാഗ്രത പുലർത്തുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 36 തിയതി 16/01/2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-4 സ്ഥാപനതൊഴിൽ നികുതിഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തികവർഷത്തിൽ താഴെ പ്രതിപാദിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ്ചെയ്ത് ഒടുക്കിയിട്ടില്ല.ഇതുസംബന്ധിച്ചിനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം-21) മറുപടിലഭിച്ചില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമനംപർ | സ്ഥാപനം | വർഷം |
|---|---|---|
| 1 | പഞ്ചാബ് നാഷണൽബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 2 | ബാങ്ക്ഓഫ് ബറോഡ | രണ്ടാം അർദ്ധ വർഷം |
| 3 | ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 4 | ജി.ടെക്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | അസിസ്റ്റൻറ് എഞ്ചിനിയർ, കേരളവാട്ടർ അതോറിട്ടി | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ധനലക്ഷമി ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 7 | മാവേലി മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | വൈക്കംറൂറൽകോപ്പറേറ്റിവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | ഇൻഡസ്ഇൻഡസ് ബാങ്കിംഗ്&ഫിനാൻസിംഗ് | ഒന്നും രണ്ടും അർദ്ധവർഷം |

ടിസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി തുകഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4-1 വാർഷിക വർദ്ധനവ് നടത്താതെ മുറികൾ വാടകയ്ക്ക് നൽകി

നഗരസഭ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് പ്രതിവർഷം കുറഞ്ഞത് 5% നിരക്കിലെങ്കിലും വാടക ഉയർത്തുന്ന രീതിയാണ് തുടരുന്നത് എന്നാണ് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ 2015-16 വർഷം വാടക വർദ്ധനവ് നടത്താതെ താഴെ പറയുന്ന മുറികൾ നൽകിയതായി കാണുന്നു

| മുറി നം | വാടകക്കാരന്റെ പേര് | 2014-15,2015-16 വർഷങ്ങളിലെ നിരക്ക് | 2015-16 വർഷം ഡിമാന്റ് ചെയ്യേണ്ടയിരുന്ന കുറഞ്ഞ നിരക്ക് | 2015-16വർഷം ഡിമാന്റ് ചെയ്യേണ്ടയിരുന്ന കുറഞ്ഞ തുക | 2015-16വർഷം ഡിമാന്റ് ചെയ്ത തുക | നഷ്ടം |
|---|---|---|---|---|---|---|
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ്-മുറി നം.24 | ശ്രീമതി P.R. സുമതിയമ്മ ചിറ്റേത്ത്,മിഠായിക്കുന്നത്ത് | 2500+309 | 2625+324 | 31500+3888 | 30000+3708 | 1500+180 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ്-മുറി നം.27 | ശ്രീ. ഹരികൃഷ്ണൻ, Atlas Jewellery | 3000+371 | 3150+389 | 37800+4668 | 36000+4452 | 1800+216 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ്-മുറി നം.18 | ശ്രീ. അജിത്ത്, MLA Office | 2592+320 | 2722+334 | 32664+4008 | 31104+3840 | 1560+168 |
| ആകെ | | | | | | 4860+564 |

നിരക്ക് ഉയർത്തി നല്കാതിരുന്നതിനാൽ നഗരസഭ യ്ക്ക് 4860 +564രൂപ നഷ്ടമുണ്ടായി.വാടകനിരക്ക് ഉയർത്തി നല്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് നം 7 ന് നൽകിയ മറുപടിയിൽ മുറി നം. 27 ഏറ്റെടുത്തിരുന്ന ശ്രീ. ഹരികൃഷ്ണൻ 2015 മെയ് മാസത്തിൽ മുറി ഒഴിയുന്നതിന് അപേക്ഷ നൽകിയതാണെന്നും വാടക കുടിശിക സെക്യൂരിറ്റി തുകയിൽ കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മുറി നമ്പർ 18 ശ്രീ. അജിത്ത് എം.എൽ.എ.യ്ക്ക് അനുവദിച്ചിരുന്നെങ്കിലും വൈദ്യുതി ലഭ്യമല്ലാത്തതിനാൽ തുടർന്ന് മുറി ഏറ്റെടുക്കുന്നതിന് ടിയാൻ വിസമ്മതിച്ചിട്ടുള്ളതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആധികാരികത വ്യക്തമായില്ല. നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4-2 വാടക പൂർണ്ണമയും ഈടാക്കിയില്ല

താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു

| മുറി നം | വാടകക്കാരന്റെ പേര് | 2015-16 വർഷത്തെ നിരക്ക്(വാടക+ സർവീസ് ടാക്സ്) | ഈടാക്കാത്ത മാസങ്ങൾ | നഷ്ടം |
|---|---|---|---|---|
| കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 16 | യു. ഉലഹന്നാൻ ചാണ്ടിച്ചിറ | 1163+144 | 4/15 | 1163+144 |
| കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 17 | M.P. രമണൻ വടക്കേത്തറ | 1549+191 | 5/15-3/16 | 17039+2101 |
| കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 20 | ജനറൽ മാനേജർ, മുത്തൂറ്റ് | 8241+1019 | 12/15-3/16 | 32964+4076 |
| കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 22 | KSFE വൈക്കം | 22902+2831 | 2 മാസങ്ങളിലെ വാടക ഈടാക്കിയില്ല | 45804+5662 |
| കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 24 | M.P. രമണൻ വടക്കേത്തറ | 145+18 | 4/15-3/16 | 1740+216 |
| Taxistand shop Room | യഹിയ റാവുത്തർ ഷീബ മൻസിൽ | 2870+355 | 1/16-3/16 | 8610+1065 |
| Bus Stand Shop Room നം 4 | സെക്രട്ടറി കോട്ടയം ജില്ലാ മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 184+23 | 10/15-3/16 | 1104+138 |
| Bus Stand Shop Room നം 5 | സെക്രട്ടറി വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ | 184+23 | 4/15-3/16 | 2208+276 |
| Bus Stand പുറംപോക്ക് റൂം നം 2 | സോമൻ പുന്നത്താഴത്ത് | 206+25 | 4/15-3/16 | 2472+300 |
| Bus Stand പുറംപോക്ക് റൂം നം 5 | P.D. സലിം, പെരുമാശ്ശേരിൽ | 278+34 | 1/16-3/16 | 834+102 |
| Bus Stand പുറംപോക്ക് റൂം നം 7 | Manager,KPBOA | 263+33 | 1/16-3/16 | 789+99 |

| | | | | |
|---|---|---|---|---|
| Bus Stand പുറംപോക്ക് റൂം നം 9 | ഗൗരി കൊച്ചനിയൻ, മുട്ടത്തഴേത്ത് | 434+54 | 4/15-3/16 | 5208+648 |
| Bus Stand പുറംപോക്ക് റൂം നം 10 | കേശവൻ മറ്റപ്പള്ളിൻ | 1586+196 | 4/15 | 1586+196 |
| മുനിസിപ്പൽ ബങ്ക് നം 2 | അനൂപ് N.P. SN ഭവനം | 1217+150 | 1/16 | 1217+150 |
| മുനിസിപ്പൽ ബങ്ക് നം 3 | അനിൽകുമാർ, കായിപ്പുറത്ത് | 435+54 | 4/15-3/16 | 5220+648 |
| മുനിസിപ്പൽ ബങ്ക് നം 4 | സുദർശൻ, കോട്ടപ്പുറം | 287+35 | 4/15-3/16 | 3444+420 |
| ദളവാക്കുളം ബസ് ടെർമിനൽ, റൂം നം 1 | അനിൽകുമാർ,പുതുവൻതറ | 749+93 | 3/16 | 749+93 |
| ദളവാക്കുളം ബസ് ടെർമിനൽ, റൂം നം 6 | President,KPBOA | 286+35 | 1/16-3/16 | 858+105 |
| ദളവാക്കുളം ബസ് ടെർമിനൽ,First Floor Room 3 | M.P.പ്രസാദ്, President,KPBOA | 999+123 | 1/6-3/16 | 2997+369 |
| ദളവാക്കുളം ബസ് ടെർമിനൽ,First Floor Room 4 | K.S. ബാബു, മണലോടിത്തറ | 457+56 | 4/15-3/16 | 5484+672 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 1 | ലക്ഷ്മിക്കുട്ടിയമ്മ ബാബു സദനം | 2722+366 | 2/16,3/16 | 5444+732 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 2 | നടേശൻ മുഴമൻഞ്ചേരിൽ | 2722+366 | 3/16 | 2722+366 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 4,5,6,7 | മുരുകൻ, ഇന്ദുവൈഷ്ണവിഭവൻ | 10547+1304 | 4/15-3/16 | 126564+15648 |

| | | | | |
|---|---|---|---|---|
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 10 | M.G.സലീൽ,ഐക്കരമഠം | 2722+366 | 1/16-3/16 | 8166+1098 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 12 | ലക്ഷ്മിക്കുട്ടിയമ്മ ബാബു സദനം | 2722+366 | 3/16 | 2722+366 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 14,15 | മോഹൻദാസ്, താഴ്ചയിൽ | 5443+673 | 4/15-3/16 | 65316+8076 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 16 | ഗോപിനാഥൻ നായർ, സിന്ദൂരം | 3062+378 | 4/15-3/16 | 36744+4536 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 17 | അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ<br>ആലപ്പി സർവോദയ സംഘം | 2384+295 | 4/15-3/16 | 28608+3540 |
| മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 18 | ശ്രീ. അജിത്ത്<br>MLA Office | 2592+320 | 4/15-3/16 | 31104+3840 |
| തറ വാടക | മുരുകൻ ഇന്ദുവൈഷ്ണവിഭവൻ | 1022+126 | 4/15-3/16 | 12264+1512 |
| മുനിസിപ്പൽ ബസ് സ്റ്റാൻഡ് കോംപ്ലക്സ് റൂം നം 16,17 | ഹരി. കെ നായർ<br>പള്ളിക്കുന്നേൽ | 6353+785 | 4/15-3/16 | 76236+9420 |
| മുനിസിപ്പൽ ബസ് സ്റ്റാൻഡ് കോംപ്ലക്സ് റൂം നം24 | P.R. സുമതിയമ്മ ചിറ്റേത്ത് | 2500+309 | 4/15-3/16 | 30000+3708 |
| മുനിസിപ്പൽ ബസ് | President,pressclub | 1050+ST | 11/15-3/16 | 5250+649 |

| | | | | |
|---|---|---|---|---|
| സ്്റാൻഡ് കോംപ്ലക്സ് റൂം നം36 | | | | |
| മുനിസിപ്പൽ ബസ് സ്്റാൻഡ് കോംപ്ലക്സ് റൂം നം38 | സുജാത രവീന്ദ്രൻ മുത്തയിൽ വീട് | 2945+364 | 3/16 | 2945+364 |

നഗരസഭ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം വിവരം ലഭ്യമാക്കേണ്ടതണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 9 ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല . വാടക അടച്ചവരുടെ രസീതുകൾ ഹാജരാക്കുകയും കുടിശ്ശിക ഈടാക്കാത്തവരിൽ നിന്നും കുടിശ്ശിക ഈടാക്കുകയും ചെയ്ത് നഗരസഭയുടെ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 2-4-3 മുൻ വർഷത്തെക്കാൾ കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകി

നഗരസഭയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മുറിക്ക് 2014-15 വർഷത്തെ നിരക്കിനെക്കാൾ കുറഞ്ഞ തുകയ്ക്കാണ് വാടകയ്ക്ക് നൽകി യത്

| മുറി നം | വാടകക്കാരന്റെ പേര് | 2014-15 വർഷത്തെ നിരക്ക് | 2015-16വർഷത്തെ നിരക്ക് |
|---|---|---|---|
| മുനിസിപ്പൽ ബങ്ക് നം 4 | സുദർശൻ കോട്ടപ്പുറം,തങ്കമണി വണ്ടർപാടത്തിൽ | 3225 | 287 |

കുറഞ്ഞ തുകയ്ക്ക് ടി വ്യക്തിക്ക് തന്നെ ബങ്ക് നൽകി യതിന്റെ കാരണം വ്യക്തമല്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ഡിമാന്റ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഇത് സംബന്ധിച്ച ഫയൽ,രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല. വിഷയത്തിൽ നഗരസഭ യ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-4-4 വാടക PWD നിരക്കിൽ ഈടാക്കാത്തത് സംബന്ധിച്ച്

1. നഗരസഭ വക ഓഫീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന RT Office ന്റെ വാടക പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല

ജോയിന്റ് RTO പ്രവർത്തിച്ചുവരുന്ന വരുന്ന ബസ് സ്റ്റാൻഡ് ഓഫീസ് കോംപ്ലക്സിലെ റൂം നം രണ്ടിന്റെ വാടക പ്രതിമാസം 11299 രൂപയായി PWD നിരക്കിൽ 14/3/14 പ്രാബല്യത്തിൻ നിശ്ചയിച്ചിട്ടുണ്ട്(GO(rt) 77/2015 /Trans/ 12.2.15 )ഡിമാന്റ് രജിസ്റ്റർ പ്രകാരം 4/15 മുതൽ 3/16 വരെ വാടക ഈടാക്കിയതായി കാണുന്നില്ല. വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി യ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാടകയിനത്തിൽ 135588 രൂപയും സേവനനികുതിയിനത്തിൽ 16759 രൂപയും വാർഷികനഷ്ടം ഉണ്ടായി എന്ന് നിരീക്ഷിക്കുന്നു

2.മൈനർ ഇറിഗേഷൻ ഓഫീസിന്റെ വാടക ഈടാക്കിയതായി കാണുന്നില്ല

1.10.14 മുതൽ മൈനർ ഇറിഗേഷൻ ഓഫീസ് വൈക്കം നഗരസഭ വക ദളവാക്കുളം ബസ് ടെർമിനൽ റൂം നം 1ൽ പ്രവർത്തിക്കുന്നു .ടി മുറിയുടെ വാടക 1.10.14 മുതൽ PWD നിശ്ചയിച്ചിട്ടുള്ള 1326 രൂപ നിരക്കിൽ ഈടാക്കണമെന്ന് 1.2.16 ലെ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട് .എന്നാൽ വാടക ഈടാക്കിയതായി കാണുന്നില്ല. വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി യ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2015-16 വർഷം വാടകയിനത്തിൽ 15912 രൂപയും സേവനനികുതിയിനത്തിൽ 1997 രൂപയും നഷ്ടം ഉണ്ടായി എന്ന് നിരീക്ഷിക്കുന്നു

3.G Tech കമ്പ്യൂട്ടേഴ്സ്- PWD നിർണ്ണയിച്ച നിരക്കിലും കുറവായി ഈടാക്കി

നഗരസഭ വക കൊച്ചുകവലയിൽ ഉള്ള ഓഫീസ് കോംപ്ലക്സിൽ G Tech കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം 2015-16വർഷം പ്രവർത്തിക്കുന്നതിന് കൗൺസിൽ അനുവാദം നൽകിട്ടുള്ളതാണ്.ടി സ്ഥാപനം പ്രവർത്തിക്കുന്നതിന മുറിയുടെ വാടക PWD നിരക്കിൽ 25440 രൂപയായി നിർണ്ണയിച്ചതായിട്ടാണ് കാണുന്നത് .എന്നാൽ 21200 രൂപ നിരക്കിലാണ് വാടക ഈടാക്കിയത്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി യ അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ വാടകയിനത്തിൽ 50880 രൂപയും സേവനനികുതിയിനത്തിൽ6289 രൂപയും നഷ്ടം ഉണ്ടായി എന്ന് നിരീക്ഷിക്കുന്നു.

മേൽ ഉപഖണ്ഡികകൾ പ്രകാരം വാടകയിനത്തിൽ നഷ്ടപ്പെടുകയായ 202380 രൂപയും സേവനനികുതിയിനത്തിൽ നഷ്ടമായ രൂപയും മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭയ്ക്ക് ഉണ്ടായ നഷ്ടത്തിന് ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കാത്ത സെക്ഷൻ ക്ലർക്ക് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4-5 നഗരസഭയുടെ ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നല്കിയില്ല -നഗരസഭയ്ക്ക് നഷ്ടം

1.നഗരസഭ യുടെ മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 10,11,13,14,19,21,26,28,29,30,32,35,41, എന്നീ മുറികൾ വാടകയ്ക്ക് നല്കിയതായി കാണുന്നില്ല .മുറികൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വാടകയിനത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക നഷ്ടമായി. മുറികൾക്ക് നിർണ്ണയിച്ച വാടക ,വാടകയ്ക്ക് നല്കാതിരുന്നതിന്റെ കാരണം എന്നിവ രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം 33) മറുപടി ലഭ്യമാക്കിയില്ല.

2.മുറികൾ ഏറ്റെടുത്തതായി കാണുന്നില്ല

മുനിസിപ്പൽ ബസ്സ്റ്റാൻഡ് കോംപ്ലക്സിലെ താഴെ പറയുന്ന മുറികൾ വ്യക്തികൾക്ക് അനുവദിച്ചതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ഇവരിൽ നിന്നും വാടക ഡിമാന്റ് ചെയ്തിട്ടില്ല.

| വാടകക്കാരന്റെ പേര് | റൂം നം |
|---|---|
| സിന്ധു രമേശ് വളമംഗലം | 1 |
| അജിത്ത് കുമാർ, ഞാറവേലിൽ | 8 |
| പ്രവീൺ സി,ചെമ്പോലിൽ | 9 |
| രാഹുൽ,ചുമത്ത് | 12 |
| സജീവ്,ഗോകുലം | 20 |
| T.K.രാധാകൃഷ്ണൻ,T.K. ഭവൻ | 22 |
| ചന്ദ്രൻ,നികത്തിൽ | 23 |
| സിനിയ റഫീക്ക്,മണ്ണംകേരിൽ | 25 |
| V.വാസുദേവൻ നായർ ശ്രീകൃഷ്ണ | 31 |
| പീതാംബരൻ, തെക്കേപ്പുറത്ത് | 33 |
| ബാബു ആർ,മുരിങ്ങത്തറ | 34 |
| A.ഷാജി,പത്തുപറയിൽ | 42 |

ടി മുറികൾക്ക് നിർണ്ണയിച്ച വാടക, ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം എന്നിവ രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിനും മറുപടി ലഭ്യമാക്കിയില്ല

3 മുനിസിപ്പൽ ടൗൺ ഹാൾ/ മുനിസിപ്പൽ ലോഡ്ജ് വാടക ഈടാക്കിയിട്ടില്ല

മുനിസിപ്പൽ ടൗൺ ഹാൾ/ മുനിസിപ്പൽ ലോഡ്ജ് എന്നിവ വാടകയക്ക് ശ്രീ. അജി. സി. തൈലാംകണ്ടത്തിൽ

എന്ന വ്യക്തിക്കാണ് നല്കിയത് എന്ന് ഡിമാന്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. നൽകിയ നിരക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ടിയാന് നൽകിയ നിരക്ക്, വാടക ഈടാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി യ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വാടക ഡിമാന്റ് രജിസ്റ്ററിൽ വന്ന പിശക് മൂലമാണ് ലോഡ്ജ്/ ടൗൺ ഹാൾ കുത്തകയ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിനുശേഷം മറുപടി ലഭ്യമാക്കിയതിനാൽ ഇതിന്റെ സാധുത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചില്ല.

4.എം. ജി യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ വാടക ഇല്ലാതെ പ്രവർത്തിക്കുന്നു-കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

വൈക്കം നഗരസഭ വക ദളവാക്കുളം ബസ് ടെർമിനൽ ഫസ്റ്റ് ഫ്ളോർ റൂം നം 2ൽ എം. ജി യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. Rent Free എന്നാണ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി യ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

## 2-4-6 <u>വാടക കുറഞ്ഞ നിരക്കിൽ ഡിമാന്റ് ചെയ്തത്</u>

1. കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ 9 നം മുറി ശ്രീ ജോൺ മാത്യൂ,പാപ്പാടിക്ക് 2129+309 നിരക്കിൽ മാസവാടക നിർണ്ണയിച്ചതായിട്ടാണ് ഡിമാന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ1935+239 നിരക്കിലാണ് ഈടാക്കിയത് .ആയതിനാൽ വാടകയിനത്തിൽ 2328 രൂപയും സേവനനികുതിയിനത്തിൽ 840 രൂപയും നഷ്ടം ഉണ്ടായി

2. കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ 21 നം മുറി അസിസ്റ്റന്റ് മാനേജർ സപ്ളൈക്കോയ്ക്ക് 8140+1006 നിരക്കിൽ മാസവാടക നിർണ്ണയിച്ചതായിട്ടാണ് ഡിമാന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ4603+749 നിരക്കിലാണ് ഈടാക്കിയത്. ആയതിനാൽ വാടകയിനത്തിൽ 42444 രൂപയും സേവനനികുതിയിനത്തിൽ 3084 രൂപയും നഷ്ടം ഉണ്ടായി

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയിൽ വാടക ഈടാക്കിയിട്ടുണ്ടെന്നും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലിൽ വ്യക്തതയില്ലാത്തതിനാലാണ് മനസ്സിലാക്കാൻ സാധിക്കാത്തതെന്നറിയിച്ചുവെങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

കൂടാതെ വാടക അടവാക്കിയിട്ടുണ്ടെങ്കിൽ രസീതുകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
വിഷയത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്

## 2-5 <u>ഡി &ഒ ലൈസൻസ് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.</u>

ഡി&ഒ ലൈസൻസ് പുതുക്കുന്നതിനും/അനുവദിക്കുന്നതിനും ലഭിച്ച ഭൂരിഭാഗം അപേക്ഷകളിലും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് പരിശോധനറിപ്പോർട്ട് തയ്യാറാക്കാതെയും ,നിരാക്ഷേപപത്രങ്ങൾ ,അനുബന്ധരേഖകൾ ഇല്ലാതേയും ലൈസൻസ് പുതുക്കിയും/അനുവദിച്ചും നൽകിയിട്ടുണ്ട്. അപേക്ഷകരുടെ വിശദാംശങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ നഗരസഭാപരിധിയിൽ ഉള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ടന്ന് വ്യക്തമായി അറിയുവാൻ സാധിക്കുന്നില്ല. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അനുബന്ധരേഖകൾ പരിശോധിച്ച് റിപ്പോർട്ട്തയ്യാറാക്കിലൈസൻസ് അനുവദിക്കുന്നതിനും/പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 <u>വിനോദനികുതി ഈടാക്കിയില്ല</u>

വിനോദനികുതി ഇനത്തിൽ വാർഷിക കണക്കുകൾ പ്രകാരം തൻവർഷ വരവ് 19700 രൂപയാണ്.എന്നാൽ അഷ്ടമി ഉൽസവത്തോടനുബന്ധിച്ച് നഗരസഭാ ബീച്ചിൽ 30.11.15 മുതൽ 4.12.15 വരെ കാർണിവൽ നടത്താൻ ശ്രീ മുഹമ്മദ് ബാദുഷ ,വില്ലിക്കുളത്ത് വയലിൽവീട് എന്നയാൾക്ക് 85000 രൂപ വാടകയ്ക്ക് നൽകിയിരുന്നു.ടിയാൻ 50000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും അടവാക്കി (രസീത് നമ്പർ 04875/25.11.15) .കാർണിവലിൽ വലിയ വിനോദഉപാധികൾ ഉള്ളതിനാൽ വിനോദനികുതി കോമ്പൗണ്ട് ചെയ്ത് 25000 രൂപ ഈടാക്കാൻ കൗൺസിൽ

തീരുമാനിച്ച(തീരുമാനം നമ്പർ 8/15.12.15). R3 8304/15 തീയതി 28.12.15 കത്ത് പ്രകാരം തുക ഒടുക്കുവാൻ നഗരസഭ ടിയാന് നോട്ടീസ് നൽകി. ടി തുക ഈടാക്കുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.കുടിശ്ശികയായ വിനോദനികുതി ഈടാക്കുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

## 2-7 ലേലത്തുക ഈടാക്കിയില്ല

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ലേല ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം 22,000 രൂപക്ക് ലേലത്തിൽ കൊണ്ട ശ്രീ.പി കെ ഷാജി, പനച്ചിത്തുരുത്ത് എന്ന വ്യക്തി രണ്ട് ഗഡുക്കളായി ആകെ 10,500 രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ എന്ന് കണ്ടു(7500 രൂപ-രസീത് നം.1262/10.03.2015, 3000 രൂപ-രസീത് നം.101825/30.06.2015).ലേല വ്യവസ്ഥ പ്രകാരം ലേലം ഉറപ്പിക്കുന്നയാൾ ലേലത്തുകയുടെ മൂന്നിൽ ഒന്ന് ഭാഗം അന്നതെന്നെ ഒടുക്കുകയും ബാക്കി സംഖ്യ 2015 നവംബർ മാസം വരെ 8 തുല്യ ഗഡുക്കളായി അതാതു മാസം 5-ാം തീയതിക്കകമായി മുൻകൂറായി അടച്ചിരിക്കേണ്ടതുമാണ്. ലേല വ്യവസ്ഥ ലംഘിച്ചതിന് നടപടി സ്വീകരിക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിന് നഷ്ടം സംഭവിച്ചു. ഇ എം ഡി ഇനത്തിൽ ഈടാക്കിയ തുക(1000 രൂപ- രസീത് നം.1209/10.03.2015) മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും കുടിശ്ശിക തുകയായ 11,500 രൂപ പിഴപലിശ സഹിതം അടിയന്തിരമായി ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എന്ക്വയറി നം 38ന് മറുപടി ലഭ്യമാക്കിയില്ല.

2-8 പരസ്യനികുതി

2002 മുതൽ 2012-13 വരെ ലേലവ്യവസ്ഥയിൽ നഗരസഭയിൽ പരസ്യനികുതി ഈടാക്കിവന്നിരുന്നു.നാമമാത്ര തുകകളായിരുന്ന ടി കാലയളവിൽ ലഭ്യമായിക്കൊണ്ടിരുന്നത്.പിന്നീട് 2014-15 മുതൽ നഗരസഭ നേരിട്ട് പിരിവ് ആരംഭിച്ചിട്ടുണ്ട് .ആയതിനാൽ ടി ഇനത്തിലുള്ള വരവ് ഗണ്യമായി വർദ്ധിച്ചു.2014-15 വർഷം 109308 രൂപയും 2015-16 വർഷം 111650 രൂപയും കളക്ഷൻ ലഭിച്ചു.പരസ്യനികുതി സംബന്ധിച്ച് നഗരസഭയിൽ ബൈലോ നിലവിലില്ലായിരുന്നു.ആയതിനാൽ R4 5562/14 തീയതി 14.10.14 പ്രകാരം ബൈലോ തയ്യാറാക്കി 21.11.14 ലെ 4 നമ്പർ കമ്മറ്റി തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ച് 19.5.15 ൽ സർക്കാരിലേക്ക് അയച്ചിരിക്കുകയാണ്.പരസ്യനികുതി സംബന്ധിച്ച് വാർഡ്തല ലിസ്റ്റോ ഡേറ്റാ ബാങ്കോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഓരോ വർഷവും നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകളുടെ എണ്ണം ,വലുപ്പം ,സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച ഡേറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- •

## 3-1 സർവീസ് ടാക്സ് റിട്ടേൺ യഥാസമയം അടവാക്കാഞ്ഞതിനാൽ നഗരസഭ പിഴ അടവാക്കി

ഫയൽ നം R3-6913/15

വൗച്ചർ നം 11/9-15 e-payment. തുക 12400/-

1994 ലെ കേന്ദ്ര ഫൈനാൻസ് ആക്ട് 65 ാം വകുപ്പ് പ്രകാരം സ്ഥാവര വസ്തു ക്കളിൽ നിന്നും ലഭിക്കുന്ന വാടകയ്ക്ക് കേന്ദ്ര സർക്കാർ സേവനനികുതി ബാധകമാക്കുകയുണ്ടായി. ടി ആക്ട് വകുപ്പ് 70 പ്രകാരം അർദ്ധവർഷം സർവ്വീസ് ടാക്സ് റിട്ടൺ ഫയൽ ചെയ്യേണ്ടതുണ്ട്

2014-15 വർഷത്തെ രണ്ടാം അർധവർഷത്തെ ST3 റിട്ടേൺ കൃത്യമായി ഫയൽ ചെയ്യാത്തതിനാൽ ഓഡിറ്റ് വർഷം 12400 രൂപ പിഴയായി Central Excise Department ൽ അടവാക്കിയിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതെ നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കിയ സാഹചര്യത്തിൽ ടി തുക ഉത്തരവാദിയായ സെക്രട്ടറി യിൽ നിന്നും തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ മേൽ

വൗച്ചർ പ്രകാരം ചെലഴിച്ച തുക നിരാകരിക്കുന്നു .ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

## 3-2 അഷ്ടമി അലവൻസ് -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

വൈക്കത്തഷ്ടമി ഉൽസവത്തിന് കണ്ടിൻജന്റ് ജീവനക്കാർക്ക് അധികവേതനമിനത്തിൽ താഴെ പ്രതിപാദിക്കും പ്രകാരം 103798 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഫയൽ നം R3-8137/15,G1-6301/09

| വൗച്ചർ നം,തീയതി | ചെക്ക് നം, തീയതി | തുക | ഇനം |
|---|---|---|---|
| 21500360/11.1.16 | 201171/11.1.16 | 52291 | കണ്ടിൻജന്റ് ജീവനക്കാർക്ക് അഷ്ടമി അലവൻസ് |
| 21500369/14.1.16 | 201172/14.1.16 | 51507 | " |
| ആകെ | | 103798 | |

ഓരോ ജീവനക്കാരും എത്ര തുക വീതമാണ് കൈപ്പറ്റിയതെന്ന് ഫയലിൽ നിന്ന് വ്യക്തമായില്ല. സർക്കാർ ഉത്തരവ് MS 306/72/LA &SWD dated 24.12.1972 പ്രകാരം ഉൽസവങ്ങൾ/ഫെയറുകൾ എന്നിവയ്ക്ക് അധിക ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന ഓരോ ദിവസത്തിനും അടിസ്ഥാന ശമ്പളത്തിന്റെ 50% overtime അലവൻസ് അനുവദിക്കാമെന്ന് വ്യക്തമാക്കുന്നു. നഗരസഭ സെക്രട്ടറിയുടെ 21.11.15 ലെ R3 8137/15 നം ഉത്തരവ് പ്രകാരം അഷ്ടമി 2015 ന് അധികജോലി നിർവ്വഹിച്ചവർക്ക് അലവൻസ് അനുവദിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 50% മാത്രമാണ് overtime അലവൻസായി അനുവദിക്കേണ്ടത്. താഴെ വിവരിക്കുന്ന ജീവനക്കാർ 8 ദിവസങ്ങളിൽ അധിക ജോലി ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ജീവനക്കാർക്ക് അനുവദിക്കാവുന്ന തുക താഴെ ചേർക്കുന്നു

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | അനുവദിക്കാവുന്ന തുക (അടിസ്ഥാനശമ്പളം x50x8/30 |
|---|---|---|
| എൻ. ഗോവിന്ദൻ | 17706 | 2361 |
| എ. വർഗ്ഗീസ് | 16960 | 2261 |
| ഒ.കെ.മോഹനൻ | 14980 | 1997 |
| ജോൺ പി.എസ്. | 14980 | 1997 |
| എസ്. മോഹനൻ | 14980 | 1997 |
| എൻ. സ്വയംഭരൻ | 14620 | 1949 |
| കെ.ടി.ബേബി | 13900 | 1853 |
| പി.കെ.ജിജി | 13210 | 1761 |
| ഗിരിജ.കെ. | 13210 | 1761 |
| സി.എൻ. ഗോപാലകൃഷ്ണൻ | 13210 | 1761 |
| കെ ജമാൽ | 11620 | 1549 |
| കെ.ആർ.മധു | 10210 | 1361 |
| കെ.ജി.പ്രദീപ്കുമാർ | 10210 | 1361 |
| ടി.വി.ലാലു | 10210 | 1361 |
| എൻ.സി. സത്യൻ | 10210 | 1361 |
| കെ.എസ്.ജയമോഹൻ | 10210 | 1361 |
| ആകെ | | 28052 |

അധികം നൽകിയ തുക 75746 രൂപ (103798-28052)

സർക്കാർ ഉത്തരവ് ലംഘിച്ച് 75746 രൂപ ചെലവഴിക്കുക വഴി നഗരസഭ യ്ക്ക് അധികബാധ്യത ഉണ്ടായിട്ടുണ്ട് . തുക തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം ചെലഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 EPF തുക യഥാസമയം അടവാക്കാഞ്ഞതിനാൽ നഗരസഭ EPF ഡാമേജ് അടവാക്കി

ഫയൽ നം -4540/11

വൗച്ചർ നം 8/9-15 തുക- 4933 [ഡിഡി നം-786744/17.09.15]

നഗരസഭയിലെ CLR വിഭാഗത്തിൽ പെട്ട ജീവനക്കാരുടെ EPF തുക യഥാസമയം അടവാക്കാഞ്ഞതിനാൽ റീജിയണൽ P.F.Commissioner ടെ 11.6.15 ലെ KR/KTM/20677/APFC/Peenal damage/2015 നമ്പർ ഉത്തരവ് പ്രകാരം 4933 രൂപ അടച്ചിട്ടുണ്ട്. 1952 ലെ EPF നിയമം അനുസരിച്ച ഒരു മാസം അവസാനിക്കുന്നതിന് 15 ദിവസത്തിനകം ജീവനക്കാരുടെ EPF വിഹിതം അടവാക്കേണ്ടതുണ്ട്. യഥാസമയം തുക അടവാക്കാതെ നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ടി തുക ഉത്തരവാദിയായ സെക്രട്ടറി യിൽ നിന്നും തിരികെ ഈടാക്കി നഗരസഭഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ അന്വേക്ഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

## 3-4 നഗരസഭ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും- അപാകങ്ങൾ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് നമ്പർ 165/15-16

വകയിരുത്തിയ തുക : 6,14,590(വികസന ഫണ്ട്-സാധാരണ വിഹിതം)

ചെലവഴിച്ച തുക : 5,73,300 രൂപ

ബിൽ നം. 15/31.08.2015

ഡി.ഡി.നം. 786555/03.09.2015- 5,73,300/-രൂപ

പ്രസ്തുത പ്രോജക്ട് പ്രകാരം പോപ്പുലർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്ടിൽ നഗരസഭ ഓഫീസിലേക്ക് 12 ഡെസ്ക്ടോപ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:

1. വിതരണ ഏജൻസിയായ പോപ്പുലർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. തൻമൂലം വിൽപനാനന്തര സേവനങ്ങൾ പ്രദാനം ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ പരിരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞില്ല.

2. 25.06.2007-ലെ ജി.ഒ(എം.എസ്)നം.168/2007/എൽ എസ് ജി ഡി നമ്പർ ഉത്തരവനുസരിച്ച് ഡി.ജി.എസ് & ഡി യുടെ അംഗീകാരമുള്ള വെൻഡർമാരിൽ നിന്നും, ഐ ടി വകുപ്പിന്റെ അംഗീകാരമുള്ള ടി.എസ്.പി കളിൽ നിന്നും ഡി.ജി.എസ് & ഡി റേറ്റ് കൊൺട്രാക്ടിൽ വാങ്ങുന്ന കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാധനങ്ങൾക്കും 3 വർഷത്തെ പരിപൂർണ വാറന്റി ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് വാറന്റി വിതരണ ഏജൻസി നൽകിയിട്ടില്ല.

4. വാങ്ങിയ ഓരോ ഉപകരണത്തിനും ക്രമമായി സ്റ്റോക്ക് എൻട്രി വരുത്തുകയും സ്റ്റോക്ക് നമ്പർ ഉപകരണത്തിൽ രേഖപ്പെപെടുത്തുകയും ഇവയ്ക്കുവേണ്ടി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്തിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24) നൽകിയ മറുപടി തൃപ്തികരമല്ല.
മേൽ അപാകതകൾ കാരണം ആകെ ചെലവഴിച്ച 5,73,300/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 കന്നുകുട്ടിപരിപാലനം-കാലിത്തീറ്റവിതരണം തടസ്സപ്പെട്ടു

പ്രോജക്റ്റ് നമ്പർ-19/16

ചെലവ്-256250(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്റിനറിസർജൻ

41 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വികസനഫണ്ട് വിഹിതമായ് 256250 രൂപ പിൻവലിച്ച് ഡി ഡി നമ്പർ 334663/2.4.16 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡിപ്രോഗ്രാം കോട്ടയത്തിന് നൽകിയിട്ടുണ്ട്. മടിയത്തറ ക്ഷീരോൽപ്പാദകസംഘത്തെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്തു. 4/16 ൽ കാലിത്തീറ്റ വിതരണം ആരംഭിച്ചു.സംഘത്തിന്റെ രജിസ്റ്റർ പരിശോധിച്ചപ്പോൾ 7/16,9 /16,11/16 മാസങ്ങളിൽ കാലിത്തീറ്റ വിതരണം നടത്തിയതായി കണ്ടില്ല.കാലിത്തീറ്റവിതരണ ഏജൻസി സമരത്തിലായതിനാലാണ് വിതരണം നടത്താനാവാത്തതെന്നാണ് വെറ്റിനറിസർജൻ വ്യക്തമാക്കിയത്.കാലിത്തീറ്റ വിതരണം ചെയ്യാത്തത് പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യത്തെ തന്നെ പ്രതികൂലമായി ബാധിച്ചു.കാലിത്തീറ്റ വിതരണം ചെയ്യാത്ത കാലയളവിലെ പ്രതിമാസ കാലിത്തീറ്റയുടെ മൂല്യം കണ്ടെത്തി വികസനഫണ്ടിലേക്ക് തിരിച്ചടക്കുകയോ തുടർപ്രോജക്ടിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 അനധികൃതമായി ഡിഡി കൈവശം വെച്ചു

പട്ടികജാതിവികസന ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ വാട്ടർ കണക്ഷൻ നൽകി കുടിവെള്ളം എത്തിക്കൽ (പ്രോജക്റ്റ് നമ്പർ 23/16) , ഭവനനിർമ്മാണം ( പ്രോജക്റ്റ് നമ്പർ 15/16) എന്നീ പ്രോജക്ടുകൾക്കായി ചുവടെ ചേർക്കും പ്രകാരം വികസനഫണ്ട് പിൻവലിച്ചിരുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ /തുക | ആകെ ഗുണഭോക്താക്കൾ |
|---|---|---|
| 23/16 | 8/15-16 18.12.15, 100000<br>26/15-16 21.3.16, 50000<br>32/15-16 26.3.16, 25000 | 35(5000 വീതം) |
| 15/16 | 12/15-16 17.2.16, 90000<br>18/15-16 22.2.16, 45000<br>22/15-16 14.3.16, 45000<br>25/15-16 14.3.16, 45000<br>33/15-16 26.3.16, 765000 | 5 |

മേൽ ചെലവു തുകകളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി പിൻവലിച്ച ഡിഡി കൾ അനധികൃതമായി നിർവ്വഹണോദ്യോഗസ്ഥ കൈവശം വെച്ചിരിക്കുകയാണ്.ഡിഡി കൾ നാളിതുവരെ റീവാലിഡേറ്റ് ചെയ്തിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേര് | ഡിഡി നമ്പർ,തുക |
|---|---|---|
| 23/16 | രമേശൻ | 741949/30.1.16-5000 |
| | ഉഷ റജി | 333895/22.3.16-5000 |
| | രത്നമ്മ ബാബു | 333896/22.3.16-5000 |
| | രാമൻ ചിറയിൽ | 740727/21.12.15-5000 |
| | മഹേശൻ | 740730/21.2.16-5000 |
| | ഷൈലജ | 335085/8.4.16-5000 |

| | | |
|---|---|---|
| | സുമ അനിൽ | 740729/21.12.15-5000 |
| | പങ്കജാക്ഷി | 740781/23.12.15-5000 |
| | ചിദമ്പരൻ | 740782/23.12.15-5000 |
| | ഓമനമോഹനൻ | 740718/21.12.15-5000 |
| 15/16 | സരള | 742635/23.2.16-45000 |
| | ആകെ തുക | 95000 |

വികസനഫണ്ട് മുൻകൂർ പിൻവലിച്ച് ചെലവഴിക്കാതെ കൈവശം വെച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.ഗുണഭോക്താക്കൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാലാണ് ഡിഡി നൽകാതിരുന്നത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്.മതിയായ രേഖകൾ ലഭ്യമാകാതെ ഗുണഭോക്താക്കൾക്ക് വേണ്ടി മുൻകൂർ വികസനഫണ്ട് പിൻവലിച്ച നടപടി ക്രമപ്രകാരമല്ല. അധികമായി പിൻവലിച്ച 95000 രൂപ നിരാകരിക്കുന്നു.

## 3-7 ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല

2015-16 വർഷം നഗരസഭാജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്കായി നൽകിയ ചുവടെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | വൗച്ചർ നം/ തീയതി | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരൻ | ആവശ്യം | തുക |
|---|---|---|---|---|
| 1 | 2/12.11.15 | ശ്രീ.കെ.പി ഷിഹാബുദ്ദീൻ, യു ഡി സി | ചെയർമാന്റെ കാറിന് റോഡ് ടാക്സ്, ഇൻഷുറൻസ് പ്രീമിയം അടവാക്കുന്നതിന് | 80,000 |
| 2 | 2/19.11.15 | ശ്രീ.കെ.പി ഷിഹാബുദ്ദീൻ,യു ഡി സി | ചെയർമാന്റെ കാറിന് റോഡ് ടാക്സ്, ഇൻഷുറൻസ് പ്രീമിയം അടവാക്കുന്നതിന് | 22,000 |
| 3 | 2/18.12.15 | ശ്രീ.സി പ്രസന്നൻ, ജെ.എച്ച്.ഐ | കേരളോത്സവം സംഘാടനത്തിന് | 30,000 |
| 4 | 1/3.9.15 | ശ്രീ.കെ.പി ഷിഹാബുദ്ദീൻ, യു ഡി സി | ബോലീറോ ജീപ്പ്- കെ എൽ 36 എ 9595 ന് ഇൻഷുറൻസ് പ്രീമിയം അടവാക്കുന്നതിന് | 11,000 |
| 5 | 1/3.9.15 | ശ്രീ.ജയകുമാർ, ഓവർസീയർ ഗ്രേഡ് II | മുനിസിപ്പൽ പാർക്കിലെ മോട്ടോർ റിപ്പയർ ചെയ്യുന്നതിന് | 8,500 |
| 6 | 1/26.11.15 | ശ്രീ.വി എം സജീവ്, ഓവർസീയർ ഗ്രേഡ് II | വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിന് | 60,000 |

| | | | | |
|---|---|---|---|---|
| 7 | 1/09.12.15 | ശ്രീ.വി എം സജീവ്, ഓവർസീയർ ഗ്രേഡ് II | വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിന് | 18,000 |
| 8 | 1/11.01.16 | ശ്രീ.സി പ്രസന്നൻ, ജെ.എച്ച്.ഐ | ഇൻഷ്വറൻസ് പ്രീമിയം അടവാക്കുന്നതിന് | 17,793 |
| 9 | 10/21.04.15 | ശ്രീ.ടി എസ് ജയരാമൻ, | ബോലീറോ ജീപ്പ്-കെ എൽ 36 എ 9595 സർവ്വീസ് ചെയ്യുന്നതിന് | 8,000 |
| 10 | 8/21.07.15 | ശ്രീ.കെ.പി ഷിഹാബുദ്ദീൻ, യു ഡി സി | ബോലീറോ ജീപ്പ്-കെ എൽ 36 എ 9595 സർവ്വീസ് ചെയ്യുന്നതിന് | 10,000 |
| 11 | 1/03.09.15 | ശ്രീ.കെ.പി ഷിഹാബുദ്ദീൻ, യു ഡി സി | ബോലീറോ ജീപ്പ്-കെ എൽ 36 എ 9595- ഇൻഷ്വറൻസ് പ്രീമിയം അടവാക്കുന്നതിന് | 11,000 |
| | ആകെ | | | 2,76,293 /- |

പ്രസ്തുത തുകകൾ ജി.ഒ.(പി) 419/11/ഫിൻ/4-10-11 പ്രകാരം 18% പലിശ സഹിതം തിരികെ നാളിതുവരെ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ക്രമീകരിക്കാതെ അവശേഷിക്കുന്ന 276293 രൂപ തടസ്സപ്പെടുത്തുന്നു. തുകകൾ ക്രമീകരിച്ച് വിശദാംശം ഹാജരാക്കേണ്ടതാണ്.

## 3-8 റോഡ്ടാറിംഗ് പ്രവൃത്തി-ടെൻഡർവ്യതിയാനവും ബാരൽവിലയും കുറവുചെയ്തില്ല-79,853/-രൂപ കരാറുകാരന് അധികം നൽകി

2015-16വാർഷികപദ്ധതിയിലുൾപ്പെടുത്തിയിരുന്ന കൃഷ്ണപിള്ള റോഡ് ടാറിംഗ്(so-142/16) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ടെൻഡർ നടപടികളുടെ ഭാഗമായി ഏറ്റവുംകുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (20% കുറവ്) ശ്രീ..ജി.കൃഷ്ണകുമാർ കൊണ്ടനാട്ട് എന്നയാളുടെ ടെൻഡർ അംഗീകരിച്ച് (പഞ്ചായത്ത് കമ്മിറ്റിയുടെ 15-9-15-ലെ 7- ാം നമ്പർ തീരുമാനം) 22-9-15-ൽ ടിയാനുമായി കരാർ ചമച്ച് പ്രവൃത്തി എൽപ്പിച്ചു നൽകിയതായും കാണുന്നു. അളവുപുസ്തകപ്രകാരം (144/15) പ്രവൃത്തിയുടെ ആകെ മൂല്യം 3,89,967.21/-രൂപയായിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടെൻഡർവ്യതിയാനം കണക്കിലെടുക്കാതിരുന്നതിനാൽ 77,993/-രൂപയും ഉപയോഗിച്ച ടാറിന്റെ ബാരൽവില കുറവു ചെയ്യാതിരുന്നതിനാൽ 6540/- രൂപയും ഉൾപ്പെടെ ആകെ 84533/-രൂപ കരാറുകാരന് അധികം നൽകുന്നതിനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വേലമൂല്യം -3,89,967.21

ടെൻഡർ വ്യതിയാനം (20% ) -77,993.44

ബാക്കി -3,11973.77

റിക്കവറികൾ

വാറ്റ് 4%- 12478.95

ഐ.റ്റി1%-3119.74

ക്ഷേമനിധി

വിഹിതം1%-3119.74

ആകെ -18718.43

റിക്കവറികൾ കിഴിച്ചുള്ള

ആകെത്തുക -2,93255/-

എന്നാൽ ടെൻഡർ വ്യതിയാനം കുറയ്ക്കാതെയാണ് റിക്കവറികൾ കണക്കാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ മൂല്യം | 389967.21 |
| വാറ്റ് 4% | 15598.67 |
| ഇൻകം ടാക്സ് 1% | 3899.67 |
| ഡബ്ല്യു.ഡബ്ല്യു.എഫ്. 1% | 3899.67 |
| ആകെ | 23398.02 |
| റിക്കവറിയിനത്തിൽ കണക്കാക്കിയ അധിക തുക | 23398-18718=4680 |

ആകെ ഉപയോഗിച്ച ടാറിന്റെ അളവ് = 3638.94 കി.ഗ്രാം.
ബാരൽവില (24 ബാരലുകൾ) = 24x238 = 5712+14.5% വാറ്റ് = 5712+828=6540

കരാറുകാരന്

അർഹമായ തുക -2,86,715/- (293255-6540)

യഥാർത്ഥത്തിൽ

അനുവദിച്ച തുക -3,66,568. (ബിൽ നമ്പർ-5/31- 12-15 )

വ്യത്യാസം = 84533 രൂപ
കരാറുകാരന് അധികം അനുവദിച്ച തുക= 84533-4680=79853 രൂപ

മേൽ അപാകത സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ രേഖാമൂലമുള്ള വിശദീകരണം അടിയന്തിരമായി ലഭ്യമാക്കുവാൻ അറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (33) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കരാറുകാരന് അധികം നൽകിയ 79,853/-രൂപ ഈടാക്കി 79025/-രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കും വാറ്റിനത്തിലുള്ള 828 രൂപ നിശ്ചിത ശീർഷകത്തിലും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 റോഡ് ടാറിങ്ങ് പ്രവൃത്തികൾ–ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല. 19170/- രൂപ കരാറുകാർക്ക് അധികം നൽകി.

നഗരസഭയിൽ 2015-16 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്.പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്2014-ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിനെ അടിസ്ഥാനമാക്കിയാണ്.DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാകയാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ടാർബാരലുകൾ തിരികെ വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238+14.5%VAT) കരാറുകാരനിൽനിന്ന്

ഈടാക്കുകയോ ചെയ്യേണ്ടതാണ്.. എന്നാൽചുവടെ ചേർക്കുന്ന റോഡ്പ്രവൃത്തികളിൽ മേൽപ്പറഞ്ഞ പ്രകാരം ബാരൽവില ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം & പേര് | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിൻ | ബാരലിന്റെ വില @ 238+14.5%വാറ്റ് |
|---|---|---|---|---|
| 1 | 269/16ആയുർവേദപ്പടി-കാരയിൽറോഡ് റീടാറിങ്ങ് | ജി.കൃഷ്ണകുമാർ | 2382.17കി.ഗ്രാം-16ബാരൽ | 3808+552 |
| 2 | 101/16 റീടാറിങ്ങ് ഓഫ് ഫാം റോഡ് ഇൻ ഡിവിഷൻ -8 | റ്റി.വി.മനോജ് | 595.78kg-4ബാരൽ | 952+138 |
| 3 | 71/16ചുണ്ടത്തിൽ റോഡ്ടാറിംഗ് | എൻ.തങ്കപ്പൻ | 745.58Kg-5ബാരൽ | 1190+173 |
| 4 | പാദുവ റോഡ്റീടാറിംഗ് | പി.കെ ഷാജി | 1146.78Kg-8ബാരൽ | 1904+276 |
| 5 | 108/16 കോനാട്ട് റോഡ്ടാറിംഗ് | | 836.32Kg-6ബാരൽ | 1428+207 |
| 6 | 112/16 ബസ് സ്റ്റാൻഡ് -കായൽവാരം റോഡ് | | 774.64Kg--5ബാരൽ | 1190+173 |
| 7 | 131/16 ജോസ് പുരം തേരോജ് റോഡ് ടാറിംഗ് | ജി.കൃഷ്ണകുമാർ | 3424.60Kg-22ബാരൽ | 5336+759 |
| 8 | 104/16 വെള്ളിയാംപള്ളി റോഡ്ടാറിംഗ് | ജി.കൃഷ്ണകുമാർ | 532.88kg- 4ബാരൽ | 952+138 |
| ആകെ ഈടാക്കേണ്ട തുക | | | | 16760 +2416 |

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.32/16-1-17) റോഡ്സംരക്ഷണഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളായതിനാൽ കരാറുകാരിൽനിന്നും തുക ഈടാക്കി ബാരൽവിലയിനത്തിലുള്ള 16760/-രൂപ നിശ്ചിത ശീർഷകത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും വാറ്റിനത്തിലുള്ള 2416/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിലും അടവാക്കേണ്ടതാണ്.

## **3-10** മരാമത്തുവേലകൾ- നികുതിറിക്കവറികൾ കണക്കാക്കുന്നതിൽ പ്രവൃത്തികളുടെ യഥാർത്ഥമൂല്യം അടിസ്ഥാനമാക്കിയില്ല.

വാറ്റ്,ആദായനികുതി,ക്ഷേമനിധിവിഹിതം മുതലായ നിയമാനുസൃത റിക്കവറി തുകകൾ മരാമത്ത് വേലകളുടെ ആകെവേലമൂല്യത്തെ (ടെൻഡർ വ്യതിയാനം ക്രമീകരിച്ചതിനു ശേഷമുള്ളത്) അടിസ്ഥാനമാക്കിയാണ് കണക്കാക്കേണ്ടത്. എന്നാൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിംഗ് വേലകളുടെ ബില്ലുകൾ പരിശോധിച്ചതിൽ ആകെ വേലമൂല്യത്തിൽനിന്നും ടാർബാരലുകളുടെ വില കുറവ് ചെയ്തതിനുശേഷം ബാക്കിയുള്ള തുകയിന്മേലാണ് നികുതിറിക്കവറികൾ കണക്കാക്കിയിട്ടുള്ളതെന്ന് കാണുന്നു.ആയതിനാൽ റിക്കവറി തുകകൾ അടവാക്കിയതിൽ കുറവ് വരുന്നതിനും കൺവീനർ /കരാറുകാർക്ക് അധികതുക നൽകുന്നതിനുമിടയായി. ഇപ്രകാരം റിക്കവറികൾ തെറ്റായി കണക്കാക്കിയ പ്രവൃത്തികൾക്ക് ഏതാനുംഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)so-118/16-റീടാറിംഗ് ഓഫ് ഇടയാന്ത്രത്ത് റോഡ്

2)so-99/16-എ.കെ ജി റോഡ് റീടാറിംഗും കൾവെർട്ട് നിർമ്മാണവും

3)so132/16-റീടാറിംഗ് ഓഫ് പോലീസ് ക്വാർട്ടേഴ്സ് റോഡ്

4)so134/16-മനയാത്ത് റോഡ് റീടാറിംഗ്

5)so91/16-ശ്രീശാസ്താറോഡ് റീടാറിംഗ്

6)so68/16-മടത്തിൽപ്പറമ്പ് റോഡ് മെറ്റലിംഗ്& ടാറിംഗ്

7)so85/16-ചീരങ്കുഴി കോളനി റോഡ് മെറ്റലിംഗ്& ടാറിംഗ്

മേൽ അപാകത സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരാമത്തുവേലകളുടെ ആകെ വേലമൂല്യത്തെ അടിസ്ഥാനമാക്കി നികുതിറിക്കവറികൾ കണക്കാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 അങ്കനവാടികെട്ടിടനിർമ്മാണത്തിനുവേണ്ടി വിട്ടുകിട്ടിയ സ്ഥലം രണ്ട് വർഷം കഴിഞ്ഞിട്ടും നഗരസഭയുടെ ആസ്തിയാക്കിയിട്ടില്ല.

15-ാം വാർഡിൽ സർവ്വേ നമ്പർ 167/20 A,167/20B -ൽ ശ്രീ.V.X.ജോൺ, വെട്ടിക്കാപ്പള്ളിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള രണ്ട് സെന്റ് സ്ഥലം അങ്കനവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിന് സമ്മതിക്കുകയും തുടർനടപടിക്രമങ്ങളുടെ ഭാഗമായി പാല ആർ.ഡി.ഒ-യുടെ 7-11-14-ലെ G-2565/14 നമ്പർ ഉത്തരവുപ്രകാരം സർവ്വേ നം.167/20A-ൽപ്പെട്ട 0.81 ആർ സ്ഥലം ശ്രീ.വി.എക്സ്.ജോൺ നഗരസഭയ്ക്ക് വിട്ടുനൽകിയതായി ഉത്തരാവാകുകയും ചെയ്തു. വിട്ടുകിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിന് താലൂക്ക് തഹസീൽദാർക്ക് 14-11-14-ൽ അപേക്ഷ ( E1-3535/14നമ്പർ കത്ത്) നൽകിയിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ സ്ഥലം പോക്കുവരവ് നടത്തി റവന്യൂരേഖകൾ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലാക്കി ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്ത് അങ്കനവാടി കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭാകൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. (31-5-16ലെ -I-ാം നമ്പർ തീരുമാനം.) പ്രസ്തുത സ്ഥലം നഗരസഭയുടെ ആസ്തിയാക്കി മാറ്റി ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ രേഖകൾ സഹിതം (രജിസ്റ്റർ ചെയത ആധാരത്തിന്റെ പകർപ്പ്, കരം ഒടുക്കിയ രസീത് എന്നിവ) മറുപടി ലഭ്യമാക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നം-23 ) മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ സ്വകാര്യവ്യക്തിയിൽനിന്നും വിട്ടുകിട്ടിയ സ്ഥലം പോക്കുവരവ് നടത്തി നഗരസഭയുടെ ഉടമസ്ഥതയിലാക്കി ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

## 3-12 മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

13.01.2017,16.01.2017 തീയതികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. SO 309/15 -ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് – കരാർ ലംഘനം നടത്തിയിട്ടും അവസാനബിൽ നൽകി.

അടങ്കൽ-300000

വേലമൂല്യം-238321

എസ്റ്റിമേറ്റ് പ്രകാരം 7 ഇനങ്ങൾ ഉൾപ്പെട്ടിരുന്നു.അതിൽ മൂന്നാമത്തെ ഇനം പഴയ ഭിത്തികളിലും പുതിയ ഭിത്തികളിലും ഒരു കോട്ട് mixed plastic Emulsion പെയിന്റ് പൂശുക എന്നുള്ളതാണ്. ആയതിലേക്ക് 3531 ച.മീറ്ററിന് 292/10 ച.മീറ്റർ നിരക്കിൽ 103105 രൂപാ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുമുണ്ട് (TS No.399/AWE /VMC/14-15/01.01.2015). 19.02.2015 ലെ 190/14-15 നമ്പർ കരാർ പ്രകാരം കരാറുകാരനായ കൃഷ്ണകുമാർ മേൽ പ്രവൃത്തി പൂർണ്ണമായും നിർവ്വഹിക്കേണ്ടതായിരുന്നു. എന്നാൽ M Book (99/14-15)പേജ് നം.47 പ്രകാരം 2093 ച.മീറ്ററർ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് 13.01.2017ൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അതായത് പുതിയ ബിൽഡിംഗിന്റെ ഭിത്തികൾ പെയിന്റ് ചെയ്യുകയുണ്ടായില്ല. മതിയായ തുക മിച്ചമുണ്ടായിരുന്നിട്ടും കരാർ പ്രകാരം പ്രവൃത്തി നിർവ്വഹിക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാരന് (കൃഷ്ണകുമാർ)ഫൈനൽ ബില്ല് നൽകിയത് ക്രമവിരുദ്ധമാണ്.മാത്രമല്ല പഴയ ഭിത്തിയിൽ അടിച്ചിരിക്കുന്ന പെയിന്റിന്റെ ഗുണനിലവാരത്തിന്റെ കൃത്യത നിർണയിക്കാൻ സാധിച്ചിട്ടില്ല.

ഇനം രണ്ട് 200 ച.മീറ്റർ ISO first quality ceramic tiles ഉപയോഗിച്ചുള്ള Flooring ആണ്.ആയതിന് ച.മീറ്ററിന് 838രൂപാ പ്രകാരം 167600 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഉപയോഗിച്ചിരിക്കുന്ന ഒരു ച.അടി വിസ്തീർണ്ണമുള്ള ceramic tiles ഗുണനിലവാരം കുറഞ്ഞവയാണെന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടത് LSGD സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനും ഭൗതിക പരിശോധനക്ക് കൂടെയുണ്ടായിരുന്ന് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തി

2. SO 274/16- കെ.പി.കറുപ്പൻ-പോളശ്ശേരി ക്ഷേത്രം ഐറിഷ് ഡ്രെയിൻ

അടങ്കൽ-110000

വേലമൂല്യം-92263

290/AWE/VMC/VKM/15-16 തീ. 21.07.2015 ആയി സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിയിൽ 3 ഇനങ്ങൾ ഉൾപ്പെട്ടിരുന്നു.അതിൽ രണ്ടാമത്തെ ഇനം 1:4:8 C.Cയിൽ(4.1.8) മൂന്നാമത്തെ ഇനം 1:2:4നിരക്കിൽ Course sand ഉം Graded stone ഉം സിമന്റും ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് ആണ്(11.7).റോഡിന്റെ ഇരു ഭാഗങ്ങളിലായി 88 mനീളത്തിലും 60 cmവീതിയിലും 15cm കനത്തിലുമാണ് കോൺക്രീറ്റിംഗ് ഉണ്ടായിരിക്കേണ്ടത് (1:4:8-10 cm കനം 1:2:4-5cm കനം).M Book No.145/15 page no.8 പ്രകാരം 10.56 ക്യൂബിക് മീറ്റർ 1:4:8 ഉം 9പ്രകാരം 5.28 ക്യൂബിക് മീറ്റർ 1:2:4കോൺക്രീറ്റിംഗുമാണ് നിർവ്വഹിച്ചിട്ടുള്ളത്.എന്നാൽ ഭൗതിക പരിശോധനയിൽ വടക്ക് വശത്ത് കോൺക്രീറ്റിംഗ് ഇളകി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ കുഴിയെടുക്കേണ്ടി വന്നതിനാലാണ് ഇപ്രകാരം കോൺക്രീറ്റിംഗ് ഇളകി കിടക്കുവാൻ കാരണമെന്ന് ഭൗതിക പരിശോധനയിൽ വാർഡ് കൗൺസിലറും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനും ഓഡിറ്റിനെ അറിയിച്ചു.ഇളകി കിടന്ന കോൺക്രീറ്റിംഗിന്റെ ഉപരിതലം മുതൽ മണ്ണിൽ സ്പർശിക്കുന്നത് വരെയുള്ള ഭാഗത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ കോൺക്രീറ്റിംഗിന് course sand ന് പകരം പാറപ്പൊടി ഉപയോഗിച്ചിരിക്കുന്നതായി കണ്ടെത്തി.Course sandന്റെ വിലയുടെ 40% മാത്രമാണ് പാറപ്പൊടിയ്ക്ക് ചെലവാകുന്നത്.മാത്രമല്ല ആകെയുണ്ടാകേണ്ട15 cm കനത്തിന് പകരം 5 cmന് അടുത്ത കനം മാത്രമാണ് കോൺക്രീറ്റിംഗിനുള്ളത്.ഈ വസ്തുത വാർഡ് കൗൺസിലർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.ധനനഷ്ടവും ഗുണമേന്മാ നഷ്ടവും പ്രവൃത്തിയിൽ വ്യക്തമാണ്.

3.SO 126/16- വയനവേലി ഓടയ്ക്ക് സ്ലാബ് ഇടീൽ

90000 രൂപാ അടങ്കലിൽ 88657 രൂപ വേലമൂല്യത്തിൽ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതും 366/AWE/VMC/VKM/15-16 തീ.25.07.15നമ്പരായി സാങ്കേതികാനുമതി ലഭിച്ചതും 29/15-16 തീ.08.12.15ആയി ശ്രീ.ഉണ്ണികൃഷ്ണൻ.കെ, തെക്കേകണ്ണംകുളം ,കിഴക്കേനട,വൈക്കം എന്ന വ്യക്തി കരാർ ചമച്ചതുമായ പ്രവൃത്തിയാണിത്. M Book no.174/15പേജ് നം .6പ്രകാരം 11.5മീറ്റർ നീളത്തിലും 2.20 മീറ്റർ വീതിയിലും 15cm കനത്തിലുമായി 3.795 ക്യൂബിക് മീറ്റർ കോൺക്രീറ്റിംഗ് സ്ലാബ് നിർവ്വഹിച്ചിട്ടുണ്ട്.എന്നാൽ ഭൗതിക പരിശോധനയിൽ 9.7മീറ്റർ നീളത്തിലും 1.45വീതിയിലും 17cm കനത്തിലുമായി 2.39 ക്യൂബിക് മീറ്റർ സ്ലാബാണ് നിർമ്മിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. 1.4ക്യൂബിക് മീറ്റർ (3.8-2.4)കുറവായിട്ടാണ് ഭൗതിക പരിശോധനയിൽ കണ്ടെത്തിയത്. ക്യൂബിക് മീറ്ററിന് 8781 രൂപാ പ്രകരം 12293രൂപയുടെ നഷ്ടം മുനിസിപ്പൽ ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

4.ഫയർ ഫോഴ്സ് കെട്ടിടങ്ങളുടെ അറ്റ കുറ്റപണികൾ- അപാകതകൾ

പ്രോജക്റ്റ് നമ്പർ 281/16

പ്രോജക്റ്റിന്റെ പേര് ഫയർ ഫോഴ്സ് കെട്ടിടങ്ങളുടെ അറ്റ കുറ്റപണികൾ

അടങ്കൽ 150000

ചെലവ് 144612

കോൺട്രാക്ടർ അജി ടിഎം

എം ബുക്ക് നമ്പർ 212/15-16

വൈക്കം നഗര സഭയിലെ ഒൻപതാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഫയർ ഫോഴ്സ് കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം.എസ്റ്റിമേറ്റ് പ്രകാരം നിർമ്മിച്ച താഴെ പ്രതിപാദിക്കുന്ന ഇനങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും പ്രവർത്തി തൃപ്തികരമല്ലെന്ന് ഭൗതീക പരിശോധനയിൽ ബോധ്യപ്പെട്ടു. എം.ബുക്ക് പ്രകാരമുള്ള വിവരവും ഓഡിറ്റിന്റെ കണ്ടെത്തലും ചുവടെ ചേർക്കുന്നു.

| SI no | Item number | Particulars | Area in sq.meter | Rate per meter square | Total Value in rupees | ഓഡിറ്റിന്റെ കണ്ടെത്തൽ |
|---|---|---|---|---|---|---|
| 1 | 12 | Wall painting with plastic emulsion paint of approved brand and manufacturer to give an even shade : one or more coats on old work | 393 | 77 | 30261 | ഫയർ ഫോഴ്സ് കെട്ടിടത്തിന്റെ മെയിൻ ഓഫീസ്, ഗ്യാരേജ്, ബാത്ത് റൂം, സീലിംഗ് എന്നിവ പ്ളാസ്റ്റിക് എമൽഷൻ പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിരിക്കുന്നതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭൗതീക പരിശോധനയിൽ ഈ പ്രവർത്തിയുടെ ഗുണ നിലവാരം ബോധ്യപ്പെട്ടിട്ടില്ല. |
| 2 | 18 | Cement concrete pavement with 1:2:4 (1cement:2 coarse sand: 4 graded stone aggregate 20mm nominal size) including finishing complete (11.7) | 1.94 | 8447.02 | 16387.22 | എം ബുക്ക് പ്രകാരം സിമന്റ്,മണൽ,മെറ്റൽ എന്നിവ യഥാക്രമം 1:2:4 എന്ന അനുപാതത്തിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചാണ് അഗ്നി ശമന സേനയുടെ വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡിന്റെ അടിത്തറ നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഇതു നശിച്ച് പോകുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർ നിർമ്മിക്കുകയും ചെയ്തു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. പ്രവർത്തിയുടെ ഗുണ നിലവാരമില്ലായ്മ മൂലമാണ് ഇത് സംഭവിച്ചത്. ഭൗതീക പരിശോധനയിൽ മിനുക്കു പണികൾ നടത്താതെ അലക്ഷ്യമായാണ് ജോലി പൂർത്തിയാക്കിയിട്ടുള്ളത് എന്ന് കാണുന്നു. |

ഫയർ ഫോഴ്സ് കെട്ടിടം - മുനിസിപ്പാലിറ്റിക്ക് അധിക ബാധ്യത

ഫയർ ഫോഴ്സ് കെട്ടിടവും അതുൾപ്പെടുന്ന 50 സെന്റ് സ്ഥലവും (സർവ്വേ നംപർ 39/17) ഉടമസ്ഥാവകാശം വൈക്കം നഗര സഭയിൽ നിലനിറുത്തിക്കൊണ്ട് അഗ്നി ശമന സേന വകുപ്പിന് സൗജന്യമായി വിട്ടു നൽകുവാൻ സർക്കാർ നഗര സഭക്ക് അനുമതി നൽകിയിട്ടുണ്ട് . (സർക്കാർ ഉത്തരവ് 533/2016 തിയതി 10/02/2016). ഈ ഉത്തരവ് മൂലം ഫയർ ഫോഴ്സ് കെട്ടിടത്തിൽ നിന്ന് വാടക ഈടാക്കാൻ മുനിസിപ്പാലിറ്റിക്ക് സാധിക്കുന്നില്ല . പക്ഷേ ഈ കെട്ടിടത്തിന്റെ അറ്റകുറ്റ പണികളുടെ ബാധ്യത മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാവുകയും ചെയ്തിരിക്കുകയാണ്. അഗ്നി ശമന സേന വകുപ്പ് നഗര സഭക്ക് വിട്ടു കിട്ടിയ സ്ഥാപനം അല്ലാത്തതിനാൽ സ്വതവേ വരുമാനം കുറവുള്ള വൈക്കം മുനിസിപ്പാലിറ്റിക്ക് ഇതൊരു അധിക ബാധ്യതയാണ്. മാത്രമല്ല, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ കെട്ടിട ഉപയോഗവും പരിപാലനവും സംബന്ധിച്ച് നഗരസഭയും പ്രസ്തുത വകുപ്പും തമ്മിൽ കരാർ ചമച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ ഈ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും പരിപാലനം ആയത് സൗജന്യമായി ഉപയോഗിക്കുന്ന അഗ്നിശമനസേന വകുപ്പിന്റെ ബാധ്യതയാക്കി അറ്റകുറ്റ പണികളുടെ ബാധ്യതിൽ നിന്ന് നഗരസഭയെ ഒഴിവാകുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 42 തിയതി 18/01/2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5.അയ്യരുകുളങ്ങര സ്കൂൾ അറ്റകുറ്റ പണികൾ- അപാകതകൾ

പ്രോജക്റ്റ് നമ്പർ 227/16(SO)

പ്രോജക്റ്റിന്റെ പേര് അയ്യരുകുളങ്ങള സ്കൂൾ അറ്റ കുറ്റപണികൾ

അടങ്കൽ 500000

ചെലവ് 470629

കോൺട്രാക്ടർ അജി ടിഎം

എം ബുക്ക് നമ്പർ 124/14-15





2015-16 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി TS No.422/AEE/VMC/VKM/2014-15, 03.12.2015 ആയി സാങ്കേതികാനുമതി ലഭിച്ച പദ്ധതിയാണ് അയ്യരുകുളങ്ങര സ്കൂൾ അറ്റകുറ്റപണികൾ. 2012 SOR പ്രകാരം നിർവ്വഹണം നടത്തിയ പദ്ധതിക്ക് 470629.41 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ 1 മുതൽ 17 ഇനങ്ങൾ ഉൾപ്പെടുന്നു. 16.01.2017 ൽ സാങ്കേതിക ഉദ്യോഗസ്ഥന്റെയും നഗരസഭ അധികൃതരുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ ബോധ്യപ്പെട്ടു. 13-ാം ഇനമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള Dadowing Walls with 1:3 using cement concrete 12 mm thick with wall tiles of 7.50 mm thick including cost, conveyance etc complete ആയത് 23.79 m2 നിർവ്വഹിച്ചിട്ടുള്ളതായി എം-ബുക്ക് പേജ് നം 20ൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. 23.79 m2ന് 1405 രൂപ നിരക്കിൽ 33425 രൂപ മൂല്യം കൽപിച്ചിട്ടുണ്ട്(എം-ബുക്ക് പേജ് നം 35). എന്നാൽ ഭൗതിക പരിശോധനയിൽ ടി പ്രവൃത്തി ഗുണനിലാവാരമില്ലാത്തതാണെന്ന് ബോധ്യപ്പെട്ടു. ഭിത്തിയുടെ ഭാഗങ്ങളിൽ ടൈലുകൾ പൊട്ടിപ്പൊളിഞ്ഞ നാശോൻമുഖമായ സ്ഥിതിയിലാണ്. 1:3 അനുപാതത്തിൽ 12 mm കനത്തിൽ cement mortar ഉപയോഗിച്ച് ടൈൽസ് പതിക്കേണ്ട പ്രവർത്തിയിൽ ഗുണനിലവാരം പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 41 തിയതി 18/01/2017) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ആ പ്രവൃത്തിക്കായി ചെലവിട്ട തുക കോൺട്രാക്ടറിൽ നിന്നോ എഞ്ചിനീയറിൽ നിന്നോ ഈടാക്കുകയോ അല്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ അറ്റകുറ്റ പണികൾ നടത്തിക്കുകയോ ചെയ്യേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 കെൽട്രോണിൽനിന്നും എൽ.ഇ.ഡി.സെറ്റ് വാങ്ങൽ -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട്നമ്പർ-so217/16

അടങ്കൽ -1000000/-(ധനകാര്യക്കമ്മീഷൻഗ്രാന്റ്)

ചെലവ്-8,33000/-(500000/- ബിൽനം. 39/22-9-15)

(3,30000/-ബിൽനം.117/31-3-16)

2014-15വർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽനിന്നും 1000000/-രൂപ വകയിരുത്തി നഗരസഭയിലെ നിലവിലെ ഇലക്ട്രിക് പോസ്റ്റുകളിൽ എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും തദ്ദേശസ്വയംഭരണവകുപ്പിന്റെ 14-7-14-ലെ 1807/2014നമ്പർ ഉത്തരവിന്റ അടിസ്ഥാനത്തിൽ ലൈറ്റുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിന് കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു.(തീരു.നം. 15/2-3-15)ഇതിന്റയടിസ്ഥാനത്തിൽ 11-5-15-ൽ സെലക്ഷൻനോട്ടീസ് നൽകുകയും 8-7-15-ൽ കെൽട്രോണുമായി കരാർ ചമയ്ക്കുകയും ചെയ്തു.ഈയിനത്തിൽചുവടെ ചേർക്കുംപ്രകാരം 8,13400/-രൂപ കെൽട്രോണിന് കൈമാറുകയുംചെയ്തു.

500000/- -ഡി.ഡി.നം.786855/23-9-15

3,13,400/- -ഡി.ഡി.നം3335223/11-4-16

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 20w 230v സ്പെസിഫിക്കേഷനിലുള്ള 200 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് കെൽട്രോണിന് വർക്ക് ഓർഡർനൽകിയിരുന്നത് .എന്നാൽ കെ എസ് ഇ.ബി-യുമായി ആലോചിച്ച് ഓരോ വാർഡുകളിലും എതെല്ലാം ലൊക്കേഷനുകളിൽ/പോസ്റ്റുകളിലാണ് ലൈറ്റുകൾ സ്ഥാപിക്കേണ്ടത് എന്നത് സംബന്ധിച്ച്വ്യക്തത വരുത്തി കെ.എസ്.ി.ബി-യിൽനിന്നും റിക്വയർമെന്റ് ലഭിക്കാതെ ലൈറ്റുകളുടെ എണ്ണം 200 എന്ന് നിജപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

2)ലൈറ്റുകൾ കെൽട്രോൺ ലഭ്യമാക്കിയത് 20-10-15-ലാണെന്ന് നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിളക്കുകൾ സ്റ്റോക്കിലെടുത്ത് കെ.എസ്.ഇ.ബി.-യുടെ മേൽനോട്ടത്തിൽ സ്ഥാപിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3)നഗരസഭയുമായുള്ള കരാർ വ്യവസ്ഥയനുസരിച്ച് ചുവടെചേർക്കുംപ്രകാരം 5000/-രൂപയായിരുന്നു ലൈറ്റ് സെറ്റിന്റെ ടാക്സുൾപ്പെടെയുള്ള വില കെൽട്രോൺ ഡിമാന്റ് ചെയ്തിരുന്നത്.

20WLED Street light -3350/-

Bend pipe,Clamp,bolt$ nut

Aluminium Wire -800

Timer -850

Total -5000

കൂടാതെ നിലവിലുള്ള ലൈറ്റുകൾ മാറ്റുന്നതിന് 200/-രൂപ നിരക്കിൽ എക്സ്ട്രാ ചാർജും നൽകേണ്ടതാണെന്ന് കരാറിൽ വ്യക്തമാക്കിയിരുന്നു. കെൽട്രോണിന്റെ ബിൽനമ്പർ 291/6-10-15പ്രകാരം 200 ലൈറ്റുകൾ ക്ളാമ്പ്സെറ്റുൾപ്പെടെ വിതരണം ചെയതതിന് 3728.66/-രൂപ നിരക്കിൽ 7,45,732/-രൂപയും 6%എക്സൈസ്ഡ്യൂട്ടിയും 5% വാറ്റും ഉൾപ്പെടെ ആകെത്തുക 830000/-രൂപയായിരുന്നു. ആയതിൽ 500000/-രൂപ അഡ്വാൻസായി നൽകിയിരുന്നു. ബാലൻസ് തുകയിൽനിന്നും ഐ.റ്റി1%,വർക്കേഴ്സ് വെൽഫെയർഫണ്ട് 1% എന്നീ റിക്കവറികൾക്കുശേഷം 3,13400/-രൂപ കെൽട്രോണിന് അനുവദിച്ചുനൽകി. പ്രസ്തുത ബിൽപ്രകാരം ബെന്റ് പൈപ്പ്,അലൂമിനിയംവയർ നട്ട്$ ബോൾട്ട് എന്നിവ സപ്ളൈ ചെയ്തിട്ടില്ല.എന്നാൽ ലൈറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ 1,86,600/-രൂപ കൂടി നൽകണമെന്ന് കാണിച്ച് 8-4-16-ൽവീണ്ടും കെൽട്രോൺ കത്ത് നൽകിയതായി കാണുന്നു. എന്നാൽ Timer,clampഒഴികെയുള്ള ഫിറ്റിംഗ് സാമഗ്രികൾ എന്നിവ സപ്ളൈ ചെയ്യാതെ ബാലൻസ് തുക കൂടിഡിമാന്റ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. മാത്രമല്ല കരാർപ്രകാരമുള്ള വിലയും ബില്ലിലെ വിലയും പൊരുത്തപ്പെടുന്നുമില്ല. എന്നാൽ ഈവിവരങ്ങൾ കെൽട്രോണിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല.

4)പ്രവൃത്തിയുടെ ആകെ മൂല്യത്തെ അടിസ്ഥാ നമാക്കി ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ ഈടാക്കണമെന്നിരിക്കെ മുൻകൂറായ നൽകിയ 500000/-രൂപയുടെ ടി റിക്കവറികൾ കെൽട്രോണിൽനിന്നും ഈടാക്കിയില്ല.

5)വിവിധ വാർഡുകളിലായി ആകെ 22ലൈറ്റുകൾ കേടായി പ്രവർത്തനരഹിതമായെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേടായവ മാറ്റിയിടണമെന്ന് കാണിച്ച് 2-6-16-ൽ കെൽട്രോണിന് കത്തയിച്ചിട്ടുണ്ടെങ്കിലും കേടായവ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന വ്യക്തതമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല . ..

6)ലഭ്യമാക്കിയ രേഖകൾ പ്രകാരം ടി പ്രോജക്ടിനുവേണ്ടി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.ആയതിനാൽത്തന്നെ പ്രോജക്ട് പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കിട്ടുണ്ടോയെന്നും

പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും പരിശോധിക്കപ്പെട്ടിട്ടില്ല

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവുതുക (8,33000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെൽട്രോണിൽനിന്നും 500000/-രൂപയുടെ 1%നിരക്കിൽ ആദായനികുതിയും തൊഴിലാളി ക്ഷേമനിധിവിഹിതവും ഈടാക്കാതിരുന്നത് ഈടാക്കി ബന്ധപ്പെട്ട

സ്ഥാപനങ്ങളിൽ അടവാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-14 കലുങ്ക് പുനർനിർമ്മാണം- സ്റ്റാക്ക് ചെയ്തിരുന്ന ഉപയോഗപ്രദമായ ഇരുമ്പ്കമ്പികളുടെ പുനരുപയോഗം എസ്റ്റിമേറ്റിലുൾപ്പെടുത്തിയില്ല.

പ്രോജക്റ്റ് നമ്പർ- 158/15-16

പ്രോജക്റ്റ്- ശ്രീശാസ്താറോഡിൽ കലുങ്ക് പുനർനിർമ്മാണം

ചെലവ്-

നഗരസഭയുടെ 5-ാം ഡിവിഷനിൽ ശ്രീശാസ്താറോഡിലെ കലുങ്കിന്റെ പുനർനിർമ്മാണത്തിനായി റോഡ്സംരക്ഷണഗ്രാന്റിൽനിന്നും 185000/-രൂപ വകയിരുത്തി പ്രോക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു.എസ്റ്റിമേറ്റിലെ 1-ാംിനമായി പഴയ പ്രബലിത കോൺക്രീറ്റ് വർക്ക് നീക്കംചെയ്ത് ഉപയോഗയോഗ്യമായ ഇരുമ്പ് കമ്പികൾ സ്റ്റാക്ക് ചെയ്യുന്ന പ്രവൃത്തിയായിരുന്നു.എന്നാൽ ഇപ്രകാരം സ്റ്റാക്ക് ചെയ്ത കമ്പികളുടെ പുനരുപയോഗം സംബന്ധിച്ച വിവരം പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.ആയതിനാൽ അളവുപുസ്തകപ്രകാരം 9-ാം ഇനമായി പുതിയRCCവർക്ക് ചെയ്തപ്പോൾ സ്റ്റാക്ക് ചെയ്തിരുന്ന പഴയകമ്പികൾ ഉപയോഗിക്കാതിരുന്നതിനാൽ കമ്പിവിലയിനത്തിൽ അധികച്ചെലവുണ്ടായിട്ടുണ്ട് . മരാമത്ത്പ്രവൃത്തികളുടെ കാര്യത്തിൽ പഴയപ്രവൃത്തികൾ നീക്കം ചെയ്യുമ്പോൾ ലഭിക്കുന്ന ഉപയോഗയോഗ്യമായ സാധനങ്ങളുടെ പുനരുപയോഗം സംബന്ധിച്ച വിവരം എസ്റ്റിമേറ്റിൽ വ്യക്തമാക്കേണ്ടതും ആയതുപ്രകാരം പ്രവൃത്തിനിർവ്വഹണവേളയിൽ അത് പ്രയോജനപ്പെടുത്തി ചെലവ് അധികരിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 തുകഅടവാക്കിയതിന്റെ രേഖകളില്ല -ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 വർഷം ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും കിഴിവുചെയ്തിരുന്ന റിക്കവറിതുകകൾ വിവിധ സ്ഥാപനങ്ങളിൽ അടവാക്കുന്നതിനായി പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രേഖകളില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1ശ്രീകെ.ബി.ശിവരാജൻ,സാനിറ്റേഷൻ വർക്കർ,ശ്രീ.ബിനു.ബി.സീനി. ക്ലാർക്ക്,പ്ലാനിംഗ് സെക്ഷൻ,ശ്രീ.ഷിനൂബ്.പി.വി.ബിൽ കളക്ടർ എന്നിവരുടെ കോ-ഓപ്പറേറ്റീവ് റിക്കവറി തുകയഥാക്രമം 4000/-,2500/-,1000/-രൂപ വീതം | 6 തീ. 5-2015 | 7500/- | ബന്ധപ്പെട്ട സ്ഥാപനത്തിന്റെ രസീതില്ല. |
| റഗുലർ$കണ്ടിജന്റ് ജീവനക്കാരുടെ12/14 മുതൽ1/15 വരെ കാലയളവിലെ എൽ.ഐ.സി. പ്രീമിയം റിക്കവറി ഇനത്തിലുള്ള തുക | ,, | 15056/- | അടവാക്കിയതിന്റെ രേഖകളില്ല.കൂടാതെ ജീവനക്കാരുടെ വിവരങ്ങളും ഓരോ ജീവനക്കാരന്റേയും പ്രീമിയംതുകയുംസംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. |
| ജീവനക്കാരുടെ 4/15-മുതൽ 7/15വരെയുള്ള എൽ.ഐ.സി.പ്രീമിയം തുക | 3/11-6-15 , | 17105/- | ,, |
| ജീവനക്കാരുടെ 2/15-ലെപെൻഷൻ കോൺട്രിബ്യൂഷൻ തുക | ,, | 82417/- | ,, |
| ആകെ 122078/- | | | |

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നം-16) ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവ് സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ 1,22,078/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ആയുർവ്വേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി എസ് 38/16 നമ്പർ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്ന് കംപ്യൂട്ടർ, വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം, ആന്റി വൈറസ് സോഫ്റ്റ് വെയർ ,പ്രിന്റർ, യു.പി.എസ്. ബാറ്ററി, ഫോട്ടോസ്റ്റോറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിന് 2015-16 വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആയത് പ്രകാരം വികസനഫണ്ടിൽ (ജനറൽ)നിന്നും 100000 (ഡി.ഡി നം.787792 / 28.10.2015) രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഒരു ഡെസ്ക്ടോപ്പ് കംപ്യൂട്ടർ (29000 രൂപ), ഓപ്പറേറ്റിംഗ് സിസ്റ്റം(വിൻഡോസ് 8-- 6600 രൂപ), ഒരു പ്രിന്റർ(HP M1136—12400രൂപ),ആന്റി വൈറസ് സോഫ്റ്റ് വെയർ (Kaspersky-600 രൂപ)ഒരു യു.പി.എസ് (600 VA-2750 രൂപ) , ഫോട്ടോസ്റ്റോറ്റ് മെഷീൻ ( Toshiba e Studio 2006- 48650 രൂപ)എന്നിവ വാങ്ങിയിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ വാങ്ങലിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെൽട്രോണിൽ നിന്നും സമർപ്പിച്ച Invoice പ്രകാരം Toshiba e Studio 2006 ഫോട്ടോസ്റ്റാറ്റ് മെഷീനിൽ പ്രിന്റിംഗ്, സ്കാനിംഗ് എന്നിവയ്ക്കുള്ള സൗകര്യം ഉണ്ടായിരിക്കെ ഒരു പ്രിന്റർ (Multifunction Printer HP M 1136 (Print/Scan/Copy)) കൂടി വാങ്ങിയതുമൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.
2. 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കംപ്യൂട്ടർ/ അനുബന്ധഉപകരണങ്ങൾ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും വാങ്ങിയ ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

കംപ്യൂട്ടറുകൾക്ക് ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഉപകരണങ്ങൾക്ക് ക്രമനമ്പർ നൽകേണ്ടതുമാണ്. ആവശ്യാധിഷ്ഠിതമായി മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 അംഗൻവാടികൾക്ക് കുക്കർ വാങ്ങൽ-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം.5/16

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2015-16 വർഷം വികസനഫണ്ട്(ജനറൽ)ലിൽ നിന്നും 23000 രൂപാ ചെലവാക്കി (ഡി.ഡി.നം.333997/30.03.2016)23 അംഗൻവാടികൾക്ക് പ്രഷർകുക്കർ വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 3 സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ സമർപ്പിക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത LAST CHANCE VESSELS, VAIKOM എന്ന സ്ഥാപനത്തിൽ നിന്നാണ് കുക്കറുകൾ വാങ്ങിയിരിക്കുന്നത്.എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏത് കമ്പനിയുടെ കുക്കറാണ് സപ്ലൈ ചെയ്യുന്നതെന്നോ എത്രലിറ്ററിന്റേതാണെന്നോ വാറണ്ടിയുടെ കാലാവധി എത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടുമില്ല. 13.01.2017 ൽ അംഗൻവാടിയിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ Greenshef എന്ന കമ്പനിയുടെ ഗുണനിലവാരം കുറഞ്ഞ കുക്കറാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത കുക്കർ പ്രവർത്തന ക്ഷമമല്ലായെന്ന് 8-ാം നമ്പർ (പുത്തൻതറ)അംഗൻവാടി വർക്കർ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.ഇത്തരത്തിൽ കൃത്യമായ ക്വട്ടേഷനുകൾ ഇല്ലാതെ ഗുണനിലവാരം കുറഞ്ഞ കുക്കറുകൾ അംഗൻവാടികൾക്ക് വിതരണം ചെയ്ത നടപടി ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29) വിതരണം ചെയ്ത 3 കുക്കറുകൾക്ക് ലീക്ക് ഉള്ളതായി കംപ്ലയിന്റ് ലഭിച്ച സാഹചര്യത്തിൽ വിതരണം ചെയ്ത സ്ഥാപന മേധാവിയെ വിവരം അറിയിച്ചിട്ടുണ്ടെന്നും നിലവിലുള്ള കംപ്ലയിന്റ് പരിഹരിക്കാവുന്നതാണെന്ന് സ്ഥാപനത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കുക്കറുകളുടെ തകരാർ അടിയന്തിരമായി പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.മേൽ സാഹചര്യങ്ങൾ പരിഗണിച്ച് കുക്കറുകൾ വാങ്ങുന്നതിനായി ചെലവഴിച്ച് 23000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 നഗരസഭയറിയാതെ നഗരസഭയുടെ ഭൂമിയിൽ അനധികൃത നിർമ്മാണം

ഫയൽ നമ്പർ PW1-4735/13

ജി.ഒ (എം.എസ്)734/88 ആർ.ഡി തീയതി 10.10.98 പ്രകാരം വേമ്പനാട് കായലിനോട് ചേർന്ന് വൈക്കം വില്ലേജ് സർവ്വേ നമ്പർ 197/1 ൽ പെട്ട 6.80 ഏക്കർ സ്ഥലം സർക്കാർ നഗരസഭയ്ക്ക് നൽകിയിരുന്നു.കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കാൻ മാത്രമേ ടി സ്ഥലം ഉപയോഗിക്കാവൂ എന്നതായിരുന്നു നിബന്ധന.ആയതിൽ 50 സെന്റ് സ്ഥലം പിന്നീട് വാട്ടർ സൈഡ് അമനിറ്റീസ് സ്ഥാപിക്കാൻ ടൂറിസം വകുപ്പിന് വിട്ടുകൊടുത്തു (ജി.ഒ (എം.എസ്) 472/94 തീയതി 1.10.94) .അവശേഷിക്കുന്ന സ്ഥലത്ത് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വേമ്പനാട് തീരവികസനം എന്ന പ്രോജക്റ്റ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നടപ്പാക്കുവാൻ 2013 മുതൽ നടപ്പിലാക്കുവാൻ ശ്രമങ്ങൾ നടത്തിയിരുന്നതായി ഫയലിൽ നിന്നും വ്യക്തമാണ്.30.9.13 ലെ കൗൺസിലിൽ ടി പ്രോജക്റ്റ് നടപ്പിലാക്കുവാൻ തടസ്സമായ വൈദ്യുതപോസ്റ്റുകൾ മാറ്റുവാനും തീരുമാനിച്ചിരുന്നു.എന്നാൽ പ്രദേശവാസികളിൽ നിന്നും ശക്തമായ പ്രതിഷേധമുണ്ടായതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവെക്കാൻ 1.1.14 ലെ കൗൺസിലിൽ തീരുമാനിച്ചു.2.5.14 ൽ വിവിധ രാഷ്ട്രീയപാർട്ടികളുടെ യോഗം ചേർന്ന് ടി വിഷയത്തെപ്പറ്റി പഠിക്കാൻ ഒരു സബ്കമ്മറ്റി രൂപീകരിച്ചു.22.5.14 ൽ സബ്കമ്മറ്റി ചേർന്ന് കരാർവ്യവസ്ഥകൾ തീരുമാനിക്കുകയും 1.10.14 ൽ DTPC യുമായി കരാറിലേർപ്പെടുകയും ചെയ്തു.കരാർ വ്യവസ്ഥകൾ പ്രകാരം 1999 ലെ KMBR ചട്ടം റൂൾ 7(2) പാലിക്കേണ്ടതും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുവാദം വാങ്ങേണ്ടതുമാണ്.എന്നാൽ നഗരസഭയറിയാതെ ടി സ്ഥലത്ത് ആരോ നിർമ്മാണപ്രവർത്തികൾ നടത്തിയതായി 21.3.16 ൽ മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിനെ തുടർന്ന് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുകയാണ്.മേൽ വിഷയവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 34) നൽകുകയുണ്ടായി.

1)നഗരസഭാചെയർ പേഴ്സണായിരുന്ന ശ്രീമതി ശ്രീലതാബാലചന്ദ്രൻ 22.8.15 ൽ ബഹു.മുഖ്യമന്ത്രിക്ക് അയച്ച കത്ത് പ്രകാരം 2005-10 കാലയളവിൽ 25 ലക്ഷം രൂപയും 2010-15 ൽ 99 ലക്ഷം രൂപയും ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്.ടി തുകയുടെ നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ (പാസ്സ് ബുക്ക് ,വൗച്ചറുകൾ സഹിതം )

2) നഗരസഭാസെക്രട്ടറിയുടെ 22.11.14 ലെ PW1/1183/83 നമ്പർ കത്ത് പ്രകാരം ടി സ്ഥലത്ത് ഒരു മൾട്ടി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.DTPC യുമായി 1.10.14 ൽ കരാറിലേർപ്പെട്ടശേഷം സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനോട് ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്താൻ ആവശ്യപ്പെട്ടതിന് കാരണം .

3) അനധികൃത നിർമ്മാണപ്രവർത്തനങ്ങൾക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

എന്നാൽ മേൽ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.നഗരസഭാ ബീച്ചിൽ നാളിതുവരെ നടത്തിയ മുഴുവൻ നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ചും ആയതിനു പിന്നിലെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ചും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ടി വിഷയത്തിൽ വകുപ്പുതലത്തിലും ഭരണസമിതി തലത്തിലും പ്രത്യേക അന്വേഷണങ്ങൾ ഉണ്ടാവേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം

സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച "ഗുണഭോക്തൃസമിതി പ്രവൃത്തികൾ സംബന്ധിച്ച മാർഗ്ഗരേഖ" യിലെ ഗുണഭോക്തൃസമിതിക്ക് ലഭിക്കുന്ന ബിൽ തുക സംബന്ധിച്ച ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകൾ അനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽതുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകുക. എന്നാൽ താഴെ പ്രതിപാദിക്കുന്ന ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ മേൽ മാർഗ്ഗനിർദ്ദേശം ലംഘിക്കപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല വൗച്ചറുകൾ പോലും ഇല്ലാത്ത അവസ്ഥയിൽ തുക നൽകിയിരിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്റ്റി ന്റെ നമ്പർ | പ്രോജക്റ്റിന്റെ പേര് | കരാറു കാരന്റെ പേര് | എം ബുക്ക് നമ്പർ | അടങ്കൽ | ആകെ വേല മൂല്യം | കൺവീ നർക്ക് നൽകിയ തുക | ചെക്ക് നം | തടസപെ ടുത്താൻ ഉള്ള കാരണം |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 1 | PW1-1972/15 | വെൺപറമ്പ് കോളനി ഫുട്ട്പാത്ത് കോൺക്ററിംഗ് (എം.പി. ഫണ്ട്) | അഭിലാഷ്.ബി | | 3,00,000/- | 116,908/- | 109,187/- | 201260/12 /04/16(SBT) | വ്വൗച്ചർ, വരവ്ചെലവ് കണക്കുകൾ ലഭ്യമല്ല, |
| 2 | PW1-5858/15 | മനയക്ക്പറമ്പ്-പോക്കറ്റ് റോഡ് നിർമ്മാണം (എംപി ഫണ്ട്) | അഭിലാഷ്.ബി | 141/15 | 2,00,000/- | 1,57,495/- | 1,47,094/- | 389108/ 23.06.16 | വ്വൗച്ചർ, വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല, |
| 3 | PW1-6514/15 | വഴുതനക്കാട്-മാടെപറമ്പ് റോഡ് കോൺക്രീറ്റിംഗ് | അഭിലാഷ്.ബി | 140/15 | 1,70,000/- | 1,69,765/- | 1,58,553/- | 389099/ 2.06.16 | വ്വൗച്ചർ, വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല, |
| 4 | PW1-2113/15 | ഇരുമൂട്ടിൽ തറ റോഡ് കോൺക്രീറ്റിംഗ് (M L A ഫണ്ട്) | അഭിലാഷ്.ബി | 154/16 | 2,50,000/- | 2,48,894/- | 2,32,458/- | 389167/ 23.08.16 | വ്വൗച്ചർ, വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല, |
| 5 | PW1-5968/15 | കോടേഴ്സ് ലൈൻറോഡ് (MLAഫണ്ട്) | അഭിലാഷ്.ബി | 139/15 | 3,50,000/- | 3,46,660/- | 3,23,768/- | 389155/ 8,08.16 | വ്വൗച്ചർ, വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല, |
| | | ആകെ | | | | 1039722 | | | |

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

## 3-20 താലൂക്ക് ആശുപത്രിക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ-വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

പേർാജക്ട് നംപർ SO287/16

പ്രോജക്ടിന്റെ പേര്: താലൂക്ക് ആശുപത്രിക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ 750992

ചെലവ് 666923

മേൽ പ്രോജക്ട് പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് താഴെ പറയുന്ന ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നംപർ | ഇനം | എണ്ണം | തുക | സ്ഥാപനത്തിന്റെ പേര് | ഡിഡിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | ഹോട്ട് എയർ ഓവൻ | 1 | 27615 | കൊച്ചിൻ ലാബ് എക്യുപ്മെന്റ്സ്,കടവന്ത്ര | നംപർ 334470തിയതി 31/03/16, |
| 2 | നീഡിൽ ഡിസ്ട്രോയർ | 2 | 10385 | യൂണിവേഴ്സൽ ഏജൻസീസ്,തൃശ്ശൂർ | നംപർ 334471തിയതി 31/03/16, |
| 3 | ഇ.എസ്.ആർ അനലൈസർ | 1 | 88109 | ട്രാൻസാസിയ ബയോമെഡിക്കൽ | നംപർ 334472 തിയതി 31/03/16 |
| 4 | വാക്യൂടെക് ട്യൂബ് | 10000 | 139800 | ഫോട്ടോൺ ബയോളജിക്കൽ | നംപർ 334473തിയതി 31/03/16 |
| 5 | കമ്പ്യൂട്ടർ | 1 | 43000 | കെ.എസ്.ഇ.ഡി.എൽ, അരൂർ | നംപർ 334474തിയതി 31/03/16 |
| 6 | യു.പി.എസ്.600.വി.എ | 1 | 2500 | കെ.എസ്.ഇ.ഡി.എൽ, അരൂർ | നംപർ 334475തിയതി 31/03/16 |
| 7 | ലേസർ പ്രിന്റർ | 1 | 7700 | കെ.എസ്.ഇ.ഡി.എൽ, അരൂർ | നംപർ 334476തിയതി 31/03/16 |
| 8 | റെഫ്രിജറേറ്റർ, സ്റ്റെബിലൈസർ | 2 | 75990 | മാക്സെല്ല് ഏജൻസീസ്, കൊല്ലം | നംപർ 335111 തിയതി 11/04/16 |
| 9 | എ.സി (2ടൺ&1ടൺ) | 2 | 97774 | മാക്സെല്ല് ഏജൻസീസ്, കൊല്ലം | നംപർ 335111 തിയതി 11/04/16 |
| 10 | എം.സ്.സ്റ്റാന്റ് | 2 | 1700 | മാക്സെല്ല് ഏജൻസീസ്, കൊല്ലം | നംപർ 335111 തിയതി |

| | | | | | |
|---|---|---|---|---|---|
| | | | | | 11/04/16 |
| 11 | സെമി ഓട്ടോ അനലൈസർ | 1 | 59850 | അഗാപ്പെ ഡയഗണോസ്റ്റിക് | നംപർ 335112 തിയതി 11/04/16 |
| 12 | ഇലക്ട്രോലൈറ്റ് അനലൈസർ | 1 | 100000 | ന്യൂ ഇൻഡ്യ സർജിക്കൽസ്,കോഴിക്കോട് | നംപർ 335113 തിയതി 11/04/16 |
| 13 | സോഫ്റ്റ് വെയർ ഇൻസ്റ്റാളേഷൻ | | 12500 | ജനറേഷൻ ഡാറ്റ സിസ്റ്റം | നംപർ 335114 തിയതി 11/04/16 |
| ആകെ തുക | | | 666923 | | |

എന്നാൽ ഭൗതിക പരിശോധനയിൽ ഈ ഉപകരണങ്ങൾ ലാബിൽ ഉപയോഗിക്കാതെ പൊടി പിടിച്ച് കിടക്കുന്നതായി കണ്ടു. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 37 തിയതി16/01/2017) പുതിയതായി പണി കഴിപ്പിച്ച ലാബ് കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലാണ് ഈ ഉപകരണങ്ങൾ ഉപയോഗിക്കാത്തത് എന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 പാലിയേറ്റീവ് കെയർ- പദ്ധതി നിർവ്വഹിക്കാത്ത ദിനങ്ങളിലെ വാഹനക്കൂലി അനുവദനീയമല്ല

പ്രോജക്ട് നംപർ 47/15-16

അടങ്കൽ 400000

ചെലവ് 370646

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് വിവരം ബില്ല് നംപർ 2/15-16 തിയതി 16/09/15 രൂപ88877

ബില്ല് നംപർ 5/15-16 തിയതി 30/12/15 രൂപ62157

മേൽ പ്രതിപാദിച്ച പദ്ധതിയുടെ ഭാഗമായി 3/15,

4/15 മാസങ്ങളിലെ 19 ദിനങ്ങളിലെ പാലിയേറ്റീവ് കെയർ വാഹനക്കൂലിയിനത്തിൽ 15526 രൂപയും 8/15,9/15,10 /15,11/15 എന്നീ മാസങ്ങളിലെ 37 ദിനങ്ങളിലെ പാലിയേറ്റീവ് കെയർ വാഹനക്കൂലിയിനത്തിൽ 30872 രൂപയും ചെലവിട്ടിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ദിവസങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനം നടത്താത്തതിരുന്നിട്ടും വാഹനക്കൂലി നൽകിയിട്ടുള്ളതായി കാണ്ടെത്തി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | വൗച്ചർ നംപർ | തിയതി | ചെലവ് | തുക കൈപ്പറ്റിയ വ്യക്തി | ബില്ല് നംപർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 6/15-16 | 16/03/16 | 614 | ജയൻ വൈക്കം | 2/15-16 തിയതി 16/09/15 | 11/03/15 page no 254-55<br>18/03/15 pageno 256-57 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 11/15-16 | 25/03/16 | 772 | ജയൻ വൈക്കം | 2/15-16 തിയതി 16/09/15 | 23/03/15 page no 258-59<br>27/03/15 pageno 260-61 |
| ആകെ | | | 1386 | | | |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4) നൽകിയ മറുപടിയായി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-22 മികവുറ്റ പദ്ധതി പ്രവർത്തനം- കാൻസർ നിയന്ത്രണ പരിപാടി

പ്രോജക്ട് നം- 49/15-16

പ്രോജക്ടിന്റെ പേര്- കാൻസർ നിയന്ത്രണ പരിപാടി

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നിർവ്വഹണം നടത്തിയ കാൻസർ നിയന്ത്രണ പദ്ധതി (പ്രോജക്റ്റ് നംപർ 45/15-16 )എന്ന പ്രോജക്റ്റ് മികവുറ്റ പദ്ധതി പ്രവർത്തനമായി ഓഡിറ്റ് വിലയിരുത്തുന്നു. കാൻസർ നിയന്ത്രണ പരിപാടിയുടെ നടത്തിപ്പിനായി 14/01/2016, 11മണിക്ക് നഗര സഭ അധികൃതർ,കൗൺസിലർമാർ, ആശുപത്രി ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി സംഘാടക സമിതി യോഗം കൂടുകയും 14പേർ ഉൾപ്പെടുന്ന കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

കാൻസർ രോഗ ബോധവൽകരണവും സർവ്വേ നടത്തി രോഗലക്ഷണമുള്ളവരെ കണ്ടെത്തി മെഗാ മെഡിക്കൽ ക്യാമ്പിലേക്ക് എത്തിക്കാനുള്ള ഒരു പരിശീലനപരിപാടിയിൽ 11/02/2016 ൽ ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയതിൽ 60പേർ പങ്കെടുത്തു. വോളന്റിയേഴ്സിന്റെ സഹായത്തോടെ 15 ദിവസം മുനിസിപ്പാലിറ്റിയിലെ എല്ലാ വീടുകളിലും സർവ്വേ നടത്തി രോഗ ലക്ഷണമുള്ളവരെ മാർച്ച് 5 ന് നടക്കുന്ന മെഗാ ക്യാമ്പിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇങ്ങനെ എത്തിച്ച സർവ്വേ ഫലങ്ങൾ ആശുപത്രി ജീവനക്കാർ പരിശോധിച്ച് ക്രോഡീകരിച്ചു. ക്യാൻസർ രോഗ നിർണ്ണയത്തിനായുള്ള ഒരു മെഗാ ക്യാംപ് 2016 മാർച്ച് 5ന് വൈക്കം വെൽഫെയർ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. ക്യാംമ്പിലേക്ക് ആവശ്യമായ ഓ.പി ചീട്ടുകൾ, ഇൻവെസ്റ്റിഗേഷൻ ഫാറങ്ങൾ, മറ്റ് സ്റ്റേഷനറികൾ, എന്നിവ വാങ്ങുകയും, ആവശ്യമായ ഡോക്ടർമാർ, നേഴ്സ്മാർ, മറ്റ് ജീവനക്കാർ, എന്നിവരെ നിയോഗിക്കുകയും ചെയ്തു. മെഗാ ക്യാമ്പിൽ നിന്നും കണ്ടെത്തിയ രോഗികളെ കൂടുതൽ പരിശോധനക്കായി 29/03/2016 ൽ ആശുപത്രിയിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ എത്തിക്കുകയും കല്ലൂർ ക്യാൻസർ ഏർളി ഡിക്ടഷൻ സെന്ററിലെ മെഡിക്കൽ ടീം പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുകയുണ്ടായി. സംശയം തോന്നിയ 83 സാമ്പിളുകൾ പരിശോധിച്ചെങ്കിലും കാൻസർ രോഗബാധിതരെ കണ്ടെത്താനായില്ല.എന്നാൽ ഗർഭാശയ അണുബാധിതരായവരെ കണ്ടെത്തുകയും ഭാവിയിൽ പരിശോധനകൾ നടത്തുന്നതിനായുള്ള നിർദ്ദേശ്ശങ്ങൾ നൽകുകയും ചെയ്തു.

## 3-23 വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

വിനിയോഗവിവരങ്ങൾ ലഭ്യമാകാത്തതിനാൽ ചുവടെ കൊടുത്തിരിക്കുന്ന ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം.പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഡി .ഡി നം |
|---|---|---|---|---|---|
| 1 | 12/15-16- വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | കെ എസ് ഇ ബി | 7,74,056 | 786484/25.08.2015 |
| 2 | 27/15-16- കുടിവെള്ളലൈൻ വലിക്കൽ | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 5,00,000 | 742061/02.02.16 |

| | | | | | |
|---|---|---|---|---|---|
| 3 | 55/15-16-പട്ടികജാതി ആവാസകേന്ദ്രങ്ങളിലേക്ക് കുടിവെള്ളലൈൻ വലിക്കൽ | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 3,00,000 | 780489 |
| | ആകെ | | | 15,74,056 | |

## 3-24 വായ്പ രേഖകൾ കൃത്യമല്ല

ഇ.എം.എസ്. ഭവനപദ്ധതിക്കായി കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ വൈക്കം ശാഖയിൽ നിന്നും 2010-11 മുതൽ വായ്പ എടുത്തിട്ടുള്ളതും പദ്ധതിയുടെ തുടർനടത്തിപ്പിനായി 2015-16 ലും തുക പിൻവലിച്ചിട്ടുള്ളതുമാണ്. കൂടാതെ നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. എന്നാൽ ഇത്തരം വായ്പകളുടെ കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി ലോൺ പിൻവലിക്കൽ, തിരിച്ചടവ്, ബാധ്യത, പലിശ ബാധ്യത സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ രേഖകൾ/രജിസ്റ്ററുകൾ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വായ്പ അനുവദിച്ച സ്ഥാപനങ്ങളുടെ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(i) ഇ.എം.എസ്. ഭവനപദ്ധതിയ്ക്ക് ഉപയുക്തമാക്കിയ വായ്പയുടേയും വായ്പ തിരിച്ചടവിന്റെയും ലോൺ രജിസ്റ്റർ പ്രകാരമുള്ള (31.3.16) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അനുവദിച്ച ആകെ വായ്പാതുക 1,85,50,000 രൂപയാണ്.

| ലഭിച്ച തുക | തിരിച്ചടച്ച മുതൽ തുക | അടയ്ക്കാനുള്ള മുതൽ തുക |
|---|---|---|
| 9767500 | 7274377 | 2493123 |

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം(ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ) 31.03.2016ന് അടയ്ക്കാൻ ബാക്കിയുള്ള മുതൽ തുക 78,42,919 രൂപയാണ്.

(ii) കെ.യു.ആർ.ഡി.എഫ്.സി.യുടെ വായ്പാകുടിശ്ശിക ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് (05.03.2016ലെ KURDFC/ULB DEMAND/16-17) പ്രകാരം വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ/കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നഗരസഭയ്ക്ക് സ്ഥാപനം അനുവദിച്ച വായ്പകളുടെ 31.03.16 വരെയുള്ള കുടിശ്ശിക 6,87,628 രൂപയാണ്. ടി തുക നഗരസഭ അടവാക്കിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ വായ്പാ ബാധ്യതയായി 392570/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.
വാർഷിക കണക്കുകൾ, ലോൺ സംബന്ധിച്ച രേഖകൾ എന്നിവയുടെ വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 3-25 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തികവർഷം പദ്ധതിപ്രകാരം 38 പേർക്ക് തൊഴിൽകാർഡ് നൽകി. 982 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. ലേബർ ബഡ്ജറ്റ് പ്രകാരം 261 പദ്ധതികൾ വിഭാവനം ചെയ്തതിൽ 77 പദ്ധതികൾ പൂർത്തീകരിക്കുകയും ആകെ 19391 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡുകളിലെ പൊതു തോടുകൾ വൃത്തായാക്കൽ, പ്ലാസ്റ്റിക്ക് ശേഖരിക്കല് എന്നിവയാണ് പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത് . പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു(ക്യാഷ് ബുക്ക് പ്രാകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2721018 |
| വരവ് | 3889890 |
| പലിശ്ശ വരവ് | 42683 |
| ആകെ | 6653591 |
| ചെലവ് | 3808948 |
| നീക്കിയിരിപ്പ് | 2844643 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 27/2015-16- കുടിവെള്ള ലൈൻ വലിക്കൽ(വിവിധ വാർഡുകളിൽ) | 742061/02.02.2016 | 500000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 500000 |
| കേരള വാട്ടർ അതോറിറ്റി | 55/2015-16- പട്ടികജാതി ആവാസകേന്ദ്രങ്ങളിലേക്ക് കുടിവെള്ള ലൈൻ വലിക്കൽ | 742060/02.02.2016 | 300000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 300000 |
| കെ എസ് ഇ ബി | 12/2015-16-വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | 786484/25.08.2015 | 774056 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 774056 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വായ്പ അനുവദിച്ച സ്ഥാപനങ്ങളുടെ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് ഖണ്ഡികയായ് ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8534 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-18 | 8534 | കെ ജോർജ്ജ് | 11501106331 /05.02.16 |

| | | | | |
|---|---|---|---|---|
| | | | സെബാസ്റ്റ്യൻ | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | -- | 2012-13 | -- | പൊതുപരാമർശം നിലനിൽക്കുന്നു | നിലനിൽക്കുന്നു |
| 2011-12 | 3-26 | 2012-13 | - | വൈക്കം നഗരസഭയും പരസ്യനികുതിയും | നിലനിൽക്കുന്നു |
| 2011-12 | 2.7 | 2013-14 | 4.6 | വാടകകുടിശ്ശിക ഈടാക്കിയില്ല | നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113803446 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9907999 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,15,877 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,67,104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,41,149 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4-4 | 2,02,380 | | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 2-7 | 11,500 | | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-1 | | 12,400 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-2 | | 75,746 | ശ്രീ.ബിജു എസ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3 | | 4,933 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-6 | | 95,000 | ശ്രീമതി.ജയശ്രീ ആർ, പട്ടികജാതി വികസന ഓഫീസർ |
| 3-8 | | 79,025 | ശ്രീ.ദിലീപ് എസ് ചീരംതോട്, മുനിസിപ്പൽ എൻജിനീയർ |
| ആകെ | 213880 | 2,67,104 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5.73,000 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-7 | 2,76,293 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-13 | 8,33,000 | ശ്രീ.ദിലീപ് എസ് ചീരംതോട് |
| 3-15 | 1,22,078 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| 3-17 | 23,000 | ശ്രീമോൾ എസ്, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-19 | 10,39,722 | ശ്രീ.ദിലീപ് എസ് ചീരംതോട്,മുനിസിപ്പൽ എൻജിനീയർ |
| 3-23 | 15,74,056 | ശ്രീ.ബിജു എസ്, സെക്രട്ടറി |
| ആകെ | 44,41,149 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക | തുക | ഇനം |
|---|---|---|
| 2-4-4 | 25045 | സേവനനികുതി |
| 3-8 | 828 | വാറ്റ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു എസ്, സെക്രട്ടറി | സെക്രട്ടറി,വൈക്കം നഗരസഭ | പ്രശാന്തി, പാതിരിപ്പള്ളി പി ഒ, ആലപ്പുഴ-688521 |
| ശ്രീമതി.ജയശ്രീ ആർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, വൈക്കം നഗരസഭ | ശ്രീശൈലം, തലയോലപ്പറമ്പ് പി ഒ, കോട്ടയം |
| ശ്രീ.ദിലീപ് എസ് ചീരംതോട്, | ലഭ്യമല്ല | ചീരംതോട് ഹൗസ്, പാലിയക്കര, തിരുവല്ല, പത്തനംതിട്ട-689101 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/11.12.2001 |
| 97-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 98-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/11.07.08 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/4.1.10/6.2.10 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.08 |
| 00-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/17.11.08/3.2.09 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/6.7.09/8.9.09 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/09.10.09 |

| | |
|---|---|
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/09/31.12.09/31.3.10 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/29.03.16 |
| 07-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/19.3.10/10.01.2011 |
| 08-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/12.12.11 |
| 09-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/2.2.13 |
| 10-11 | നം.എൽ.എഫ്.കെ.പി8- 471/14/7.10.14 |
| 11-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/21.3.14 |
| 12-13 | നം.എൽ.എഫ്.കെ.പി8-/832/2014/8.9.15 |
| 13-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175/2015/18.03.16 |
| 14-15 | കെഎസ്എകെടിഎം.പി.8/880/2016 ,19.06.2016 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം ജില്ല.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം. പി8/72/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
doktm.ksad@kerala.gov.inഇ-മെയിൽ:

തീയതി:25.1.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വൈക്കം നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം